## IV. സബ്മിഷൻ

(1) മൂക്കന്നൂർ-ഏഴാറ്റുമുഖം-ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡ് നിർമ്മാണം

ശ്രീ. റോജി എം. ജോൺ: സർ, 'റീബിൽഡ് കേരള' പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന മൂക്കന്നൂർ-ഏഴാറ്റുമുഖം-ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡ് നിർമ്മാണം - വളരെ പ്രതീക്ഷയോടുകൂടിയാണ് ആ പദ്ധതിയെ ഞങ്ങളെല്ലാവരും വരവേറ്റത്. ബഹുമാന്യനായ മുഖ്യമന്ത്രി 2021-ൽ നിർമ്മാണോദ്ഘാടനം നടത്തിയ പ്രവൃത്തി നാലുവർഷമായിട്ടും വളരെ ഇഴഞ്ഞുനീങ്ങുന്ന ഒരവസ്ഥയാണ്. അത് എന്ന് പൂർത്തീകരണത്തിലേയ്ക്കെത്തിക്കും എന്നുപോലും പറയാൻ സാധിക്കാത്ത തരത്തിൽ വലിയ ബുദ്ധിമുട്ട് ആ പ്രദേശത്തുള്ള ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. റോഡിന്റെ വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് പലയാളുകളും ഭൂമി വിട്ടുതരാനായി തയ്യാറായി. ഭൂമി വിട്ടുതരുന്ന പ്രദേശങ്ങൾപോലും ഏറ്റെടുത്തുകൊണ്ട് റോഡ് വികസിപ്പിക്കുവാനായി സാധിക്കാത്ത സാഹചര്യം പലഭാഗങ്ങളിലും നിൽക്കുന്നു. കുറെ ഭാഗങ്ങൾ ചെയ്തു. പക്ഷേ പല ഭാഗങ്ങളിലും അത്

പൂർത്തീകരിക്കാൻ സാധിക്കുന്നില്ല. കെ.എസ്.ടി.പി.ക്കാണ് ഇതിന്റെ ഇംപ്ലിമെന്റേഷൻ, അതുകൂടാതെ ഇതിനൊരു കൺസൾട്ടന്റിനെക്കൂടി വച്ചിട്ടുണ്ട്. അതുപോലെ കെ.എസ്.ടി.പി.-യും കൺസൾട്ടന്റും കരാറുകാരനും വർക്ക് മുന്നോട്ടുകൊണ്ടുപോകുന്ന കാര്യത്തിലും കാലതാമസമുണ്ടാകുന്നുണ്ട്. ഏതായാലും നിർമ്മാണത്തിന്റെ പൂർത്തീകരണത്തിലേയ്ക്ക് എത്തിക്കുന്നതിന് വലിയതോതിൽ കാലതാമസമുണ്ടായിക്കൊണ്ടിരിക്കുന്നു. ഇതുസംബന്ധിച്ച് നിരവധിതവണ പഞ്ചായത്ത് ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായി അവിടെ യോഗം ചേരുകയും ഇതിന്റെ വിലയിരുത്തലുകളൊക്കെ നടത്തുകയും ചെയ്തിട്ടുള്ളതാണ്. പക്ഷേ ഇതുവരെ അതിന്റെ പൂർത്തീകരണത്തിലേയ്ക്ക് എത്തിക്കാൻ സാധിക്കുന്നില്ല. കരാറുകാരന് കൊടുത്തിരിക്കുന്ന കാലാവധിയും കഴിഞ്ഞിരിക്കുകയാണ്. പക്ഷേ ഇപ്പോൾ നീട്ടി നൽകിയിട്ടുണ്ടെന്ന് അറിയാൻ സാധിക്കുന്നു. എങ്ങനെയെങ്കിലും ഈ സീസണിലെങ്കിലും മഴക്കാലത്തിന് മുമ്പായി ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കണമെന്നാണ് എല്ലാവരുടെയും ആവശ്യം. ഇത്രയും സുപ്രധാനമായിട്ടുള്ള പ്രവൃത്തിയായതുകൊണ്ട് ഞാൻ നേരത്തെയും അങ്ങേയ്ക്ക് കത്ത്

നൽകിയിട്ടുള്ളതാണ്. ഇക്കാര്യത്തിന് ബഹുമാനപ്പെട്ട മന്ത്രിതന്നെ മുൻകൈയ്യെടുത്ത് ഒരു യോഗം വിളിച്ച് ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ എത്രയും വേഗം സമയബന്ധിതമായി പൂർത്തീകരിക്കാനും ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പ്രയാസങ്ങളൊഴിവാക്കി റോഡ് ലഭ്യമാകുന്നതിനുംവേണ്ടിയുള്ള ഒരു ഇടപെടൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തിയാണ് ഇവിടെ സൂചിപ്പിച്ച, മൂക്കന്നൂർ-ഏഴാറ്റുമുഖം-ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡിന്റെ നിർമ്മാണം നടക്കുന്നത്. റോഡിന്റെ പുനരുദ്ധാരണം മാത്രമായിരുന്നു ആദ്യ പദ്ധതിയിലുൾപ്പെട്ടിരുന്നത്. എന്നാൽ ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കാനും വീതി വർധിപ്പിച്ച് പ്രവൃത്തി ചെയ്യണമെന്നും ആവശ്യമുയർന്നു. പിന്നീട് ഫണ്ടിംഗ് ഏജൻസിയായ ജർമ്മൻ ബാങ്ക് സ്ഥലം എറ്റെടുക്കേണ്ടതില്ലായെന്ന് നിർദ്ദേശിച്ചതിനെത്തുടർന്ന് പ്രവൃത്തി വൈകുന്ന സാഹചര്യമുണ്ടായി. പിന്നീട് നിരവധി ചർച്ചകൾക്കും

ഇടപെടലുകൾക്കുംശേഷം പ്രവൃത്തി പുനരാരംഭിക്കുന്ന സാഹചര്യമൊരുക്കുകയായിരുന്നു. പ്രവൃത്തി പൂർത്തിയാക്കേണ്ട സമയപരിധി 2025 ഏപ്രിൽ 30-വരെ നീട്ടിയിട്ടുണ്ട്. നിലവിൽ 87 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചുകഴിഞ്ഞു. 19.6 കിലോ മീറ്റർ ജി.എസ്.ബി., 17.76 കിലോ മീറ്റർ ഡബ്ല്യൂ.എം.എം., 16.97 കിലോ മീറ്റർ ഡി.ബി.എം., 0.93 കിലോ മീറ്റർ ബി.സി., 1 കിലോ മീറ്റർ പി.ക്യൂ.സി., 60 കൾവട്ടറുകൾ തുടങ്ങിയവ പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി നിശ്ചയിച്ച സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുമെന്ന് സഭയെ അറിയിക്കുകയാണ്. ബാക്കി പ്രവൃത്തിക്ക് കൃത്യമായൊരു ടൈം ഷെഡ്യൂളുണ്ടാക്കി മോണിറ്റർ ചെയ്യുന്നതിന് വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്താം.

(2) ആലത്തൂരിലെ പ്രവൃത്തികൾക്കായി PMC-കളെ ചുമതലപ്പെടുത്തൽ

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ആലത്തൂർ മണ്ഡലത്തിൽ കഴിഞ്ഞ എട്ടുവർഷങ്ങൾക്കിടയിൽ ബജറ്റ് വർക്ക് പരമാവധി നടപ്പാക്കാൻ പ്രൊപ്പോസൽ ചെയ്തിരുന്നത് എൽ.എസ്.ജി.ഡി. വിഭാഗത്തെയാണ്. എന്നാൽ

വലിയ കാലതാമസമാണ് അതുമായി ബന്ധപ്പെട്ട് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. എൽ.എസ്.ജി.ഡി. എൻജിനീയറിംഗ് വിഭാഗത്തെ കുറ്റം പറയുകയല്ല. താങ്ങാനാവാത്ത ഭാരം അവർക്ക് സ്വാഭാവികമായും ഏറ്റെടുക്കേണ്ടിവരുന്ന പല വർക്കുകളുമുണ്ട്. ഇവ മണ്ഡലാടിസ്ഥാനത്തിലുള്ള പൊതു വർക്കുകളായതുകൊണ്ട്, ചിലത് ബ്ലോക്കടിസ്ഥാനത്തിലും പഞ്ചായത്തടിസ്ഥാനത്തിലും ചുമതല ഏൽപ്പിക്കാൻ കഴിയാത്ത ഒരവസ്ഥയും അവർ നേരിടുകയാണ്. ഇതിന്റെയെല്ലാം ഫലമായി, ചില പുതിയവർക്കുകൾ, പുതിയ മെറ്റീരിയലുകൾ ഉപയോഗപ്പെടുത്താൻ അവർക്ക് നിലവിലുള്ള സാങ്കേതിക വിജ്ഞാനമുള്ള എൻജിനീയർമാരില്ല എന്ന ഇഷ്യൂ ചിലയിടത്തുണ്ട്. ഇതിന്റെയെല്ലാം ഫലമായി ആലത്തൂർ മണ്ഡലത്തിലെ പല ബജറ്റ് വർക്കുകളും വർഷങ്ങളായി നടക്കാത്ത ഒരു സാഹചര്യത്തിൽ, അത് എത്രയും പെട്ടെന്ന് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരന്തരമായി ഇടപെടൽ നടത്തിയപ്പോൾ, അവർതന്നെ ഞങ്ങൾക്കത് ഏറ്റെടുക്കാൻ കഴിയില്ലെന്ന് അറിയിക്കുകയും ചെയ്തു. എന്നാൽ ഫിനാൻസ് വകുപ്പിൽനിന്ന് വീണ്ടും അവരോട് ക്ലാരിഫിക്കേഷൻ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

മണ്ഡലാടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം നടത്തി അതൊരു മിനിറ്റ്സാക്കിയപ്പോൾ അടിയന്തരമായി ചില വർക്കുകൾ നടപ്പാക്കാൻ പി.എം.സി. മുഖാന്തരം നടപ്പാക്കണമെന്ന നിർദ്ദേശമാണ് മുന്നോട്ടുവച്ചത്. കാടാച്ചാലുകളുടെ പുനർനിർമ്മാണം, ചില ചെക്ക് ഡാം, ഡ്രയർ മെഷീനുകൾ പർച്ചേസ് ചെയ്യുന്നതുമായി ബന്ധപ്പെട്ടും വിവിധ വർക്കുകളുണ്ട്. ഇത്തരത്തിലുള്ള വർക്കുകളിലൊന്നും അവർക്ക് അതിന്റെ സാങ്കേതിക വിജ്ഞാനമില്ലാത്തതുകൊണ്ട് ഏറ്റെടുക്കാൻ സാധിക്കില്ല എന്നുള്ള നിലയ്ക്കെല്ലാം അറിയിപ്പ് നൽകിയിട്ടുണ്ട്. 2019-20 മുതലുള്ള വർക്കുകൾ ഞാനിപ്പോൾ നിർദ്ദേശിച്ച വർക്കുകളിലുണ്ട്. 2017-18-ലെ വർക്കുകൾപോലും അവർക്ക് പൂർത്തീകരിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷമുണ്ട്. അതുകൊണ്ട്. അടിയന്തരമായി ഇതിന് അംഗീകാരം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ആലത്തൂർ മണ്ഡലത്തിലെ വിവിധ വർഷങ്ങളിലെ ബജറ്റ് വർക്കുകളുടെ നിർവഹണ ഏജൻസിയായി എൽ.എസ്.ജി.ഡി.-ക്ക് സാങ്കേതിക

പ്രശ്നങ്ങൾമൂലം സമയബന്ധിതമായി ചില പ്രവൃത്തികളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയാത്ത സാഹചര്യമുണ്ടെന്നുള്ളതാണ് സബ്മിഷനിലൂടെ ഉന്നയിച്ചത്. പ്രസ്തുത വർക്കുകൾ ഈ സാഹചര്യത്തിൽ പി.എം.സി. മുഖാന്തരം നടപ്പിലാക്കുന്നതിന് അടിയന്തര നടപടി ലഭിക്കുന്നതിനാവശ്യമായിട്ടുള്ള എല്ലാ തീരുമാനങ്ങളുമെടുക്കാം. ഉചിതമായ ശിപാർശകൾ ഭരണവകുപ്പുമുഖേന ലഭ്യമാക്കുന്ന മുറയ്ക്ക് ഇത് പരിഗണിക്കാവുന്നതാണ്. പാലക്കാട് ജില്ലയിൽ ഇത്തരം കാര്യങ്ങൾക്ക് ഇപ്പോൾത്തന്നെ അനുമതി കൊടുത്തിട്ടുണ്ട്. ഇതിന് അടിയന്തരമായി നടപടി സ്വീകരിക്കാം.

(3) എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്കുള്ള ധനസഹായം

ശ്രീ. വി. ശശി: സർ, എസ്.സി/എസ്.ടി., പോസ്റ്റ്മെട്രിക് വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ് കുടിശ്ശികയിടാതെ വിതരണം ചെയ്യാനുള്ള നടപടി ധനകാര്യവകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന വിഷയം ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്.

ഓരോ വർഷവും ഈ ഇനത്തിൽ ബജറ്റിൽ നീക്കി വയ്ക്കുന്ന തുക മുൻവർഷത്തെ കുടിശ്ശിക നൽകാനാണ് ഉപയോഗിക്കുന്നത്. എന്റെ അഭ്യർത്ഥന, അതാത് വർഷം അവർക്ക് ലഭിക്കേണ്ട ധനസഹായം അതാത് വർഷം തന്നെ ലഭ്യമാക്കാനുള്ള ക്രമീകരണം ഉണ്ടാകണമെന്നാണ്. 2.5 ലക്ഷത്തിൽ താഴെ വാർഷികവരുമാനമുള്ള എസ്.സി. വിദ്യാർത്ഥികളുടെ 60 ശതമാനവും എസ്.ടി. വിദ്യാർത്ഥികളുടെ 75 ശതമാനവും തുക കേന്ദ്ര ധനസഹായമായി അനുവദിക്കുന്നുണ്ട്. അതുപോലും അതാത് വർഷം നൽകാനുള്ള നടപടി ഉണ്ടാകുന്നില്ലെന്ന് ശ്രദ്ധയിൽപ്പെടുത്തുകയാണ്. നോൺ സി.എസ്.എസ്. കാറ്റഗറിയിലെ എസ്.സി. പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്ക് നൽകാനുള്ള കുടിശ്ശിക 230 കോടി രൂപയാണ്. സി.എസ്. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 43 കോടി രൂപയും എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള കുടിശ്ശിക 38.66 കോടി രൂപയുമാണ്. ഇവയെല്ലാം അടിയന്തരമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം. അടുത്ത അധ്യായനവർഷം മുതൽ അതാത് വർഷത്തെ ധനസഹായം അതാത് വർഷം

തന്നെ നൽകാനുള്ള ക്രമീകരണം കൂടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പട്ടികജാതി വിഭാഗക്കാരായ കുട്ടികൾക്ക് 2023-24 വരെ നൽകാനുള്ള മുഴുവൻ പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ആനുകൂല്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. വാർഷിക വരുമാനം 2.5 ലക്ഷം രൂപയോ അതിൽ കുറവോ ഉള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരായ കുട്ടികൾക്ക് മാത്രമാണ് കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമുള്ള സ്കോളർഷിപ്പ് ആനുകൂല്യം ലഭിക്കുന്നത്. പട്ടികജാതി വിഭാഗക്കാരായ കുട്ടികൾക്ക് കേന്ദ്ര പദ്ധതി പ്രകാരമുള്ള പോസ്റ്റ് മെട്രിക് ആനുകൂല്യം അനുവദിക്കുന്നതിനുള്ള ആനുപാതിക സംസ്ഥാന വിഹിതമായി നടപ്പുവർഷം 73 കോടി രൂപ വകയിരുത്തിയിരുന്നു. ഈ തുക പൂർണ്ണമായും ചെലവഴിച്ചതിനെത്തുടർന്ന് 43.77 കോടി രൂപ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര പദ്ധതി പ്രകാരം 2.5 ലക്ഷം രൂപ വാർഷിക വരുമാനം നിശ്ചയിച്ചിട്ടുള്ള സാഹചര്യത്തിൽ അർഹരായ മുഴുവൻ കുട്ടികൾക്കും വരുമാന പരിധി

കണക്കിലെടുക്കാതെ സംസ്ഥാനസർക്കാർ അധിക തുക വകയിരുത്തി ധനസഹായം നൽകുന്നുണ്ട്. അതിനായി നടപ്പുവർഷത്തെ ബജറ്റ് വിഹിതമായി 150 കോടി രൂപയും അധികധനാനുമതി വഴി അനുവദിച്ച 110 കോടി രൂപയും ഉപധനാഭ്യർത്ഥന വഴി അനുവദിച്ച 25.19 കോടി രൂപയും ചേർത്ത് ആകെ 285.19 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ബജറ്റ് വിഹിതത്തിന്റെ ഇരട്ടി തുക ചെലവഴിച്ചിട്ടുണ്ട്. പട്ടികജാതി പ്രീ മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള ആനുപാതിക വിഹിതമായി 8 കോടി രൂപയും സംസ്ഥാനം നേരിട്ട് നടത്തുന്ന പദ്ധതികൾക്കായി 166 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമെ നോൺ പ്ലാൻ ശീർഷകത്തിൽ 18 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇവയെല്ലാം ചേർത്ത് പട്ടികജാതി വിഭാഗക്കാരുടെ സ്കോളർഷിപ്പ് ആനുകൂല്യം നൽകുന്നതിനായി നടപ്പുവർഷം ഇതുവരെ 594.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2024-25 വർഷം ഇതുവരെ ക്ലെയിം ചെയ്ത മുഴുവൻ തുകയും അനുവദിക്കുന്നതിനുള്ള തുക വകയിരുത്തി നൽകിയിട്ടുണ്ട്. ക്ലെയിം പലപ്പോഴും വരുന്നില്ലായെന്നതും രണ്ടോ മൂന്നോ നാലോ വർഷങ്ങൾ മുൻപുള്ള ക്ലെയിമുകൾ വരുന്ന എന്നൊക്കെയുള്ള സ്ഥിതി

വകുപ്പിൽ നിന്ന് അറിയാൻ സാധിച്ചിട്ടുണ്ട്. പട്ടികജാതി പോസ്റ്റ് സ്കോളർഷിപ്പ് ആനുകൂല്യം നൽകുന്നതിനായി കേന്ദ്ര പദ്ധതിയുടെ ആനുപാതിക സംസ്ഥാന വിഹിതവും സംസ്ഥാന പദ്ധതി വിഹിതവും ചേർത്ത് 2021-22 മുതൽ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2021- 22 456.32 കോടി രൂപ

2022-23 360.76 കോടി രൂപ

2023-24 505.75 കോടി രൂപ

പട്ടികവർഗ്ഗ വിഭാഗത്തിലുൾപ്പെടുന്ന കുട്ടികളുടെ സ്കോളർഷിപ്പ് പദ്ധതിയിലും 2.5 ലക്ഷം രൂപയെന്ന വാർഷിക വരുമാന നിബന്ധന കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനായി ഇതിൽക്കൂടുതൽ വരുമാനമുള്ള കുട്ടികൾക്കുള്ള മുഴുവൻ തുകയും സംസ്ഥാനസർക്കാരാണ് വഹിക്കുന്നത്. പട്ടികവർഗ്ഗ വിഭാഗക്കാരായ കുട്ടികൾക്കുള്ള പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകളുടെ ആനുപാതിക സംസ്ഥാന വിഹിതവും സംസ്ഥാനം നേരിട്ട് നടത്തുന്ന പദ്ധതികൾക്കുള്ള വിഹിതവും ചേർത്ത് നടപ്പുവർഷം ആകെ 71.82 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള

സ്കോളർഷിപ്പ് പദ്ധതിയിൽ യാതൊരുവിധ കുടിശ്ശികയുമില്ല. പട്ടികവർഗ്ഗ സ്കോളർഷിപ്പ് ആനുകൂല്യം നൽകുന്നതിനുള്ള കേന്ദ്ര പദ്ധതിയുടെ ആനുപാതിക സംസ്ഥാന വിഹിതവും സംസ്ഥാന പദ്ധതി വിഹിതവും ചേർത്ത് 2021-22 മുതൽ സംസ്ഥാനസർക്കാർ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2021- 22 60.76 കോടി രൂപ

2022-23 57.88 കോടി രൂപ

2023-24 72.3 കോടി രൂപ

(4) പൊന്നാനി കടലോര മേഖലകളിലെ ജനങ്ങൾക്ക് നികുതി അടയ്ക്കാൻ സംവിധാനം

ശ്രീ. പി. നന്ദകുമാർ: സർ, പൊന്നാനി കടലോര മേഖലയിൽ 1980 കാലഘട്ടത്തിൽ ധാരാളം പേർക്ക് പട്ടയം നൽകിയിരുന്നു. അവ ഭൂപതിവ് പട്ടയങ്ങളായിരുന്നു; 1961-ലെ കേരള ഭൂപതിവ് നിയമപ്രകാരമായിരുന്നു അവ നൽകിയിരുന്നത്. കടപ്പുറം പുറമ്പോക്ക് ഭൂമി സർവ്വെ ചെയ്ത് എഫ്.എം.ബി. തയ്യാറാക്കി അതിലെ കണക്ക് വച്ച് കൈവശക്കാർക്ക് പട്ടയം

നൽകുകയായിരുന്നു. പുറമ്പോക്ക് ഭൂമി പട്ടയഭൂമിയാക്കി റവന്യൂ രേഖയിൽ മാറ്റം വരുത്തുന്നതുവരെ പ്രസ്തുതഭൂമി പതിച്ച് കിട്ടുന്നതിനായി ഭൂനികുതി (Basic Tax) സ്വീകരിക്കുന്നതിനു പകരം ഭൂനികുതിയില്ലാത്ത നികുതി OBT (Other than Basic Tax) എന്ന ഇനത്തിലായിരുന്നു നികുതി സ്വീകരിച്ചിരുന്നത്. റവന്യൂ വകുപ്പിന്റെ റവന്യൂ അക്കൗണ്ട് ശരിപ്പെടുത്താനുള്ള സാങ്കേതിക നടപടി മാത്രമായിരുന്നിത്. വില്ലേജിലെ മൊത്തം കരംകൊണ്ട ഭൂമിയും അതിനു ലഭിക്കുന്ന ഭൂനികുതിയിൽ ജമാബന്ധി രേഖകൾ പ്രകാരം നിശ്ചയപ്പെടുത്തിയിരിക്കും. ആ രേഖയിൽ മാറ്റം വരുത്താതെ ഭൂനികുതി സ്വീകരിക്കാൻ സാങ്കേതികമായി ഉദ്യോഗസ്ഥർക്ക് സാധ്യമല്ലായിരുന്നു. നേരത്തെ പരാമർശിക്കപ്പെട്ട കടപ്പുറം പുറമ്പോക്ക് ഭൂമി പതിച്ച് കിട്ടിയിവർക്ക് ഒരു സംക്രമ കാലത്തേക്ക് മാത്രമായിരുന്നു ഭൂനികുതിയില്ലാത്ത നികുതി സ്വീകരിച്ചിരുന്നത്. എന്നാൽ റവന്യൂ വകുപ്പ് രേഖയിൽ മാറ്റം വരുത്തുന്ന നടപടി അര നൂറ്റാണ്ട് കാലം കഴിഞ്ഞിട്ടും പൂർത്തിയാക്കാത്തതിന്റെ ഫലമായി പതിച്ചുകൊടുത്ത പട്ടയ ഭൂമികൾ കൂടി സർക്കാർ കടപ്പുറം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടുവന്നു. റവന്യൂ വകുപ്പ് രേഖകൾ കംപ്യൂട്ടർവത്ക്കരിച്ചപ്പോൾ

മേൽപ്പറഞ്ഞ ഭൂമിയെല്ലാം സർക്കാർ പുറമ്പോക്ക് ഭൂമിയാണെന്ന തരത്തിൽ കംപ്യൂട്ടറിൽ രേഖപ്പെടുത്തി. എന്നിരുന്നാലും നേരത്തെ സൂചിപ്പിച്ച കടപ്പുറം നിവാസികൾക്ക് ഭൂനികുതി സ്വീകരിക്കാനായി ഒരു സംവിധാനം സന്നിവേശിപ്പിച്ചിരുന്നു. ഇത് യാതൊരു മുന്നറിയിപ്പും കൂടാതെ അവസാനിപ്പിച്ചതിന്റെ ഫലമായി സർക്കാർ പട്ടയം കൈവശമുള്ളവർക്കും ഭൂനികുതി അടയ്ക്കാനോ അവ വില്ലേജ് ഓഫീസർമാർക്ക് സ്വീകരിക്കാനോ സാധിക്കാതെ വന്നുവെങ്കിലും ആവശ്യമായ ഇടപെട്ടതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ അത് താത്കാലികമായി പരിഹരിക്കപ്പെട്ടു. എന്നാൽ ഇപ്പോഴും പൊന്നാനി മണ്ഡലത്തിലെ മൂന്ന് വില്ലേജുകളിൽ ഡിജിറ്റൽ സർവ്വെ പൂർത്തീകരിച്ചിട്ടും കടപ്പുറം പുറമ്പോക്ക് ഡിജിറ്റൽ മേഖലയ്ക്ക് പുറത്താണ്. അത് ഉൾപ്പെടുത്താൻ അടിയന്തര നടപടി സ്വീകരിക്കണം. സർക്കാർ പട്ടയം കൈവശംവച്ച് വരുന്ന പാവപ്പെട്ട കുടുംബങ്ങളുടെ പ്രശ്നം പരിഹരിക്കാൻ സത്വര നടപടി കൈക്കൊള്ളണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ സർക്കാരിനോട് ആവശ്യപ്പെടുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) : സർ, മലപ്പുറം ജില്ലയിലെ പൊന്നാനി നഗരം, വെളിയംകോട്, പെരുമ്പടപ്പ് തുടങ്ങിയ വില്ലേജുകളിൽ തീരദേശ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവരിൽനിന്ന് ഭൂനികുതി സ്വീകരിക്കാത്തത് സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗമുന്നയിച്ച വിഷയം സർക്കാർ വളരെ ഗൗരവമായി പരിശോധിച്ച് വരുന്നുണ്ട്. കേരളത്തിലെ പട്ടയത്തിനർഹരായവരിൽ ഇതുവരെ പട്ടയം ലഭിക്കാത്ത മുഴുവൻ ആളുകളെയും പട്ടയത്തിന് അവകാശികളാക്കുക എന്ന ലക്ഷ്യത്തോടെ ഈ ഗവൺമെന്റിന്റെ കാലത്താരംഭിച്ച പട്ടയ അസംബ്ലികളെത്തുടർന്ന് രൂപീകരിക്കപ്പെട്ട പട്ടയ ഡാഷ് ബോർഡിൽ ബഹുമാനപ്പെട്ട അംഗത്തിന്റെ നേതൃത്വത്തിൽ നടത്തിയ അസംബ്ലിയിൽ ഉയർത്തിയ ഒരു വിഷയമായതുകൊണ്ട് തുടർച്ചയായി ഇക്കാര്യത്തിലൊരു ശ്രദ്ധ സംസ്ഥാനസർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നുണ്ട്. സംസ്ഥാന സർവ്വെ അതിർത്തിക്കുപുറത്ത് അൺസർവെയ്ഡ് ലാൻഡായി കിടക്കുന്ന കടലിറങ്ങിയ സ്ഥലമാണിത്. നേരത്തെ അംഗം സൂചിപ്പിച്ചതുപോലെ സർവ്വെ നടപടികൾ നടന്ന 1930-35 കാലഘട്ടത്തിൽ

കടൽപുറമ്പോക്കായി മാറ്റിയിട്ടിരുന്ന പ്രസ്തുത സ്ഥലത്ത് കാലക്രമത്തിൽ കടലിറങ്ങുകയും വലിയ വിസ്തൃതിയിലുള്ള സ്ഥലം പുറമ്പോക്കായി മാറുകയും ചെയ്തു. പ്രസ്തുത സ്ഥലത്ത് ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവർ വീടുകൾ നിർമ്മിച്ച് താമസിക്കുകയും ചെയ്തു. ഈ സ്ഥലത്തെ താമസക്കാർക്ക് പട്ടയം വിതരണം ചെയ്യണമെന്ന ആവശ്യം ശക്തമായതോടെ പ്രത്യേക സർവ്വെ ടീമിനെ നിയോഗിച്ച് സർവ്വെ ചെയ്ത് പ്ലോട്ടുകളാക്കി 1982 മുതലുള്ള കാലയളവിലെ താമസക്കാർക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ഭൂമി സർവ്വെ രേകകളിൽ ഉൾപ്പെടുത്തുകയോ വിജ്ഞാപനം ചെയ്യപ്പെടുകയോ ചെയ്യാത്തതുകാരണം പട്ടയങ്ങൾ നിയമവിധേയമല്ലാത്തതിനാൽ ഈ ഭൂമിക്ക് പോക്കുവരവ് ചെയ്ത് കരം അടയ്ക്കാൻ സാധിച്ചില്ല. കേരള ലാൻഡ് ടാക്സ് ആക്ട് പ്രകാരം കൈവശഭൂമിക്ക് കൈവശക്കാരനിൽനിന്ന് സ്വീകരിക്കുന്ന ഭൂനികുതി, Land Revenue Other than Basic Tax അഥവാ LROBT എന്ന പേരിലാണ് സ്വീകരിച്ചിരുന്നത്. സംസ്ഥാനത്തെ സർവ്വെ അതിർത്തിക്ക് പുറത്തുള്ള സ്ഥലമായതിനാൽ സർവ്വെ അതിരടയാള നിയമം സെക്ഷൻ 3, 4 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച്

മാത്രമെ സർവ്വെ നടപടികൾ പൂർത്തീകരിക്കാൻ കഴിയൂ. അത്തരത്തിലുള്ള നടപടികൾക്ക് തുടക്കം കുറിക്കുന്നതിന്റെ ഭാഗമായി സർവ്വെ ആൻഡ് ബൗണ്ടറീസ് ആക്ടിന്റെ സെക്ഷൻ 3 ആൻഡ് 4 പ്രകാരം കാസർഗോഡ് ജില്ലയിൽ ഒരു വിജ്ഞാപനം പുറത്തിറക്കി നിയമവകുപ്പിന്റെ മുന്നിലേക്കയച്ച് ഏറ്റവും പെട്ടെന്ന് ആ നടപടികൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിൽ അത് ആരംഭിക്കുകയാണ്. കേരളത്തിൽ സമ്പൂർണ്ണ ഡിജിറ്റൽ സർവ്വെ നടപടികൾ പുരോഗമിക്കുന്ന സാഹചര്യത്തിൽ ഇത്തരം അൺ സർവ്വെയ്ഡ് ലാൻഡുകൾക്ക് പ്രഥമ പരിഗണന നൽകി സർവ്വെ നടപടികൾ പൂർത്തീകരിച്ച് High Tension Level-ൽ നിന്നുള്ള ദൂരപരിധി പരിഗണിച്ച് പട്ടയം നൽകുന്ന വിഷയവും നൽകിയ പട്ടയങ്ങൾ ആധികാരികമായി വരുന്ന വിഷയവും പരിഗണിക്കുകയാണ്. ഡിജിറ്റൽ റീ സർവ്വെ നടന്ന വില്ലേജുകളിൽ സെക്ഷൻ 9(2) പ്രകാരമുള്ള പ്രസിദ്ധീകരണത്തിന് ശേഷം സെക്ഷൻ 13(1) പ്രകാരം പ്രസിദ്ധീകരിച്ച് റവന്യൂ വകുപ്പിന്റെ ഭാഗമാക്കുന്നതിന് മുൻപായി ഇത്തരം കാര്യങ്ങളിൽ സ്ഥിതീകരണമുണ്ടാക്കുകയെന്നത് സർക്കാരിന്റെ ഇപ്പോഴത്തെ നയമാണ്. വ്യക്തിപരമായി വളരെ അടുത്ത ബന്ധമുള്ള

പൊന്നാനി പ്രദേശത്തിന്റെ വിഷയങ്ങൾ നേരിട്ടറിയാവുന്ന കൊണ്ട് ആ വിധത്തിൽ തന്നെ പരിഹരിക്കാനുള്ള ശ്രമം നടത്തും.

ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചപോലെ, പൊന്നാനി താലൂക്കിലെ കടലോരമേഖലയിൽ പട്ടയത്തിന്റെ പിൻബലത്തോടെ ഭൂമി കൈവശം വച്ച് വന്നവരിൽ നിന്ന് ഭൂനികുതി ഈടാക്കാനാകാത്ത പ്രശ്നം പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട അംഗം ഈ സഭയുടെ മുൻപാകെ അവതരിപ്പിച്ച സബ്മിഷനെത്തുടർന്ന് നിരവധി യോഗങ്ങൾ ചേരുകയുണ്ടായി. ഉദ്യോഗസ്ഥതലത്തിൽ കൂടിയ യോഗത്തിൽ ഈ അജണ്ട തന്നെ ഉൾപ്പെടുത്തുകയും അതിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ ReLIS (Revenue Land Information System) പോർട്ടലിൽ ലാൻഡ് അസൈൻമെന്റ് ഓപ്ഷൻ വഴി നികുതി സ്വീകരിക്കാൻ തീരുമാനിക്കുകയും ഈ മാസം മുതൽ ആ നികുതി സ്വീകരിക്കാനുള്ള നടപടി ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നത്തിന്റെ പരിഹാരമെന്ന നിലയിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. കേരളത്തിൽ പട്ടയ ഡാഷ്

ബോർഡ് വരുമ്പോൾ മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക പരിഗണനയാണ് നൽകുന്നത്. കടൽ പുറമ്പോക്കെന്നത് നിയമപ്രകാരം 1964-ലെ ചട്ടത്തിലെ സെക്ഷൻ 11(2)(5) പ്രകാരം restrict ചെയ്യുമ്പോൾ 30.17 മീറ്റർ അകലെയാണെങ്കിൽ നൽകരുതെന്ന് മാത്രമെ പറഞ്ഞിട്ടുള്ളൂ. ഈ പ്രശ്നത്തിൽ വളരെ ശ്രദ്ധയോടെ ഇടപെട്ടതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരത്തെയും കൊല്ലത്തെയും തീരദേശത്തുള്ള 1172 ആളുകൾക്ക് ഈ വർഷം പട്ടയം നൽകി. അതേ ഗൗരവത്തോടുകൂടി പൊന്നാനിയിലും ഈ ഗവൺമെന്റിന്റെ കാലത്ത് തന്നെ അർഹരായ മുഴുവൻ പേരുടെയും പ്രശ്നം പരിഹരിക്കാൻ കഴിയും എന്ന വിശ്വാസം ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

(5) <u>കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമവും സബ്സ്റ്റേഷൻ നിർമ്മാണവും</u>

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, കാഞ്ഞിരപ്പുഴ ഡാം കേന്ദ്രീകരിച്ച് ഇറിഗേഷൻ വകുപ്പിന്റെ സ്ഥലം ഉപയോഗപ്പെടുത്തി 110 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിച്ച് അതുവഴി വോൾട്ടേജ് ക്ഷാമം പരിഹരിക്കണമെന്നാണ് എന്റെ ആവശ്യം. കോങ്ങാട് മണ്ഡലത്തിലെ

കാഞ്ഞിരപ്പുഴ, തച്ചമ്പാറ, കാരാകുറുശ്ശി, കരിമ്പ, കോങ്ങാട് എന്നീ പഞ്ചായത്തുകളിൽ കുടിവെള്ളത്തിനുവേണ്ടി ഉപയോഗിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ജലസ്രോതസ്സ് കാഞ്ഞരപ്പുഴ ഡാം ആണ്. ജലജീവൻ മിഷൻ പദ്ധതി വന്നതിനുശേഷം ഈ പഞ്ചായത്തുകളിൽ പതിനായിരത്തിലധികം വരുന്ന ഹൗസ്ഹോൾഡ് കണക്ഷനുകൾ വെള്ളം എത്തിക്കേണ്ടതായിട്ടുണ്ട്. അതിനായി 95 കുതിരശക്തി ശേഷിയുള്ള പമ്പിംഗ് സ്റ്റേഷൻ RO Water Treatment Plant (Reverse Osmosis plant) 24 മണിക്കൂർ പ്രവർത്തിച്ചാൽ മാത്രമെ എന്റെ മണ്ഡലത്തിലെ ഏറ്റവും പടിഞ്ഞാറ് അറ്റത്തെ പതിനഞ്ച് കിലോമീറ്റർ അപ്പുറം സ്ഥിതി ചെയ്യുന്ന കാരാകുറുശ്ശി വരെ എത്തുകയുള്ളൂ. ഇപ്പോൾ കടുത്ത കുടിവെള്ള ക്ഷാമം നേരിടുകയാണ്. ഇപ്പോൾ തന്നെ വോൾട്ടേജ് ക്ഷാമം നേരിടുന്നതിനാൽ വെള്ളം പമ്പ് ചെയ്യാൻ കഴിയുന്നുമില്ല. ബഹുമാനപ്പെട്ട മന്ത്രി തന്നെ ഒരു ചോദ്യത്തിന് മറുപടി പറഞ്ഞതുപോലെ ഇറിഗേഷൻ ടൂറിസം പദ്ധതിയുടെ ഭാഗമായി നമ്മുടെ സംസ്ഥാനത്ത് തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ ഇറിഗേഷൻ ഡെസ്റ്റിനേഷൻ കാഞ്ഞിരപ്പുഴ ഉദ്യാനമാണ്. ആ പദ്ധതി പ്രകാരം 161 കോടി രൂപയുടെ പദ്ധതികൂടി

വരുമ്പോൾ വൈദ്യുതി ഉപയോഗം ഏറ്റവും കൂടുതൽ വർധിക്കുകയാണ്. മാത്രമല്ല നിരവധി ആദിവാസി ജനവിഭാഗങ്ങളും മലയോര കർഷകർ അടക്കം അവിടെയുണ്ട്. അവിടത്തെ ആദിവാസി വിഭാഗത്തിലെ ഒരു പ്രധാനപ്പെട്ട പ്രദേശമാണ് കോരണക്കുന്ന്. അറുപതിലധികം ആളുകൾ ഇപ്പോഴും അവിടെ താമസിക്കുന്നുണ്ട്. അവിടെ ഒരു ലൈറ്റോ, ഫാനോ, ഒരു തരത്തിലുള്ള വീട്ടുപകരണങ്ങളോ ഉപയോഗിക്കാൻ കഴിയാത്ത തരത്തിൽ വോൾട്ടേജ് പ്രശ്നം നേരിടുകയാണ്. നിരവധി വ്യാപാര സ്ഥാപനങ്ങളും വാണിജ്യ കേന്ദ്രങ്ങളുമൊക്കെയുള്ള മണ്ണാർക്കാട് ടൗണിന് അടുത്തുള്ള പ്രദേശമാണ് കാഞ്ഞിരപ്പുഴ ഡാമും പരിസരവും. അവിടത്തെ വോൾട്ടേജ് ക്ഷാമം അടിയന്തരമായി പരിഹരിക്കുന്നതിനുവേണ്ടി കഴിഞ്ഞ അഞ്ച് വർഷം മുമ്പ് കെ.എസ്.ഇ.ബി.-യുടെ ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുമെന്നത് പരിഗണനയിലുണ്ടായിരുന്നു. ഇറിഗേഷൻ വകുപ്പിന്റെ സ്ഥലത്താണ് അത് പ്രൊപ്പോസ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് ഇറിഗേഷൻ വകുപ്പിന്റെ സ്ഥലം അടിയന്തരമായി വിട്ടുനൽകി, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുമായി സംസാരിച്ച് ഈ പ്രശ്നത്തിനാവശ്യമായ പരിഹാരം കണ്ടെത്തിയില്ലെങ്കിൽ

നമുക്ക് മുന്നോട്ട് പോകാൻ കഴിയില്ല. ഒരു പ്രധാനപ്പെട്ട പ്രശ്നമായതുകൊണ്ടാണ് ഞാൻ ഇതുസംബന്ധിച്ച് ഗൗരവമായി പറയുന്നത്. ഇപ്പോൾ അവിടെനിന്ന് വെള്ളം പമ്പ് ചെയ്യാൻ പോലും കഴിയുന്നില്ല. അതിനൊരു ആൾട്ടർനേറ്റീവ് സംവിധാനംകൂടി ഇതിന്റെ ഭാഗമായി ഉണ്ടാകണം. വർഷങ്ങൾക്ക് ശേഷമാണ് സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതെങ്കിൽ അതുവരെ ഞങ്ങൾ എന്തുചെയ്യും? ഇറിഗേഷൻ വകുപ്പിന്റെ സ്ഥലം അവിടെ ലഭ്യമാണ്. അതിനാവശ്യമായ ഇൻവെസ്റ്റിഗേഷനും ഞാൻ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരടക്കം പോയി ജോയിന്റ് വെരിഫിക്കേഷൻ നടത്തുകയും ചെയ്തതാണ്. ആ സ്ഥലത്ത് അടിയന്തരമായി സബ്സ്റ്റേഷൻ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം അതിന്റെ ഭാഗമായി സ്ഥലം വിട്ടുനൽകാനും നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കാഞ്ഞിരപ്പുഴ ടൗണിലും ഡാം ഏരിയയിലും വോൾട്ടേജ് പ്രശ്നം ഉള്ളതിനാൽ പുതിയ 33 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ 50 സെന്റ് സ്ഥലം ലീസിനു നൽകുന്നതിനുവേണ്ടി

കെ.എസ്.ഇ.ബി. ലിമിറ്റഡ് ആവശ്യപ്പെട്ടിട്ടുണ്ട്. കെ.എസ്.ഇ.ബി.-യിലെയും ജലസേചന വകുപ്പിലെയും ഉദ്യോഗസ്ഥർ നടത്തിയ സംയുക്ത പരിശോധനയിൽ കെ.പി.ഐ.പി. ഡിവിഷൻ കാര്യാലയത്തിന് മുന്നിൽ ഇറിഗേഷൻ ക്വാർട്ടേഴ്സിനോടുചേർന്ന് സ്ഥിതി ചെയ്യുന്ന വില്ലേജ് രേഖ പ്രകാരം സർവ്വെ നമ്പർ 151/1 ബി-യിൽ ഉൾപ്പെട്ട 50 സെന്റ് സ്ഥലം പ്രസ്തുത ആവശ്യത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർ ശിരുവാണി പ്രോജക്ട് സർക്കിൾ, പാലക്കാട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 24-12-2024-ന് നടന്ന മണ്ണാർക്കാട് താലൂക്ക് അദാലത്തിൽ വച്ച് ഈ വിഷയം ചർച്ച ചെയ്തിരുന്നു. കാഞ്ഞിരപ്പുഴയിൽ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നത് കേരള വാട്ടർ അതോറിറ്റിയുടെ പുതിയ പ്ലാന്റുകൾക്ക് ആവശ്യമായ വൈദ്യുതി ലഭിക്കുന്നതിന് അനുവാര്യമാണെന്ന് കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ പ്രസ്തുത യോഗത്തിൽ അഭിപ്രായപ്പെട്ടു. കൂടാതെ ഇത് പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും സഹായകമാകുമെന്ന് കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ അറിയിച്ചിട്ടുണ്ട്. പുതിയ ഉദ്യാനവികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന

സാഹചര്യത്തിൽ ഊർജ്ജ ലഭ്യത ഉറപ്പുവരുത്തുവാൻ പുതിയ സബ് സ്റ്റേഷൻ സഹായകമാകുമെന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കാഞ്ഞിരപ്പുഴയിൽ കെ.എസ്.ഇ.ബി. സബ് സ്റ്റേഷൻ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത പാലക്കാട് ജില്ലാ വികസന സമിതി യോഗത്തിലും ഉന്നയിച്ചിട്ടുണ്ട്. മാത്രമല്ല ബഹുമാനപ്പെട്ട എം.എൽ.എ. ഇക്കാര്യം പലതവണ സൂചിപ്പിച്ചിട്ടുള്ളതാണ്. ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തിട്ടുണ്ട്. ആ നിലയിൽ 50 സെന്റ് ഭൂമി കെ.എസ്.ഇ.ബി. ലിമിറ്റഡിന് നൽകുന്നതിനുള്ള അപേക്ഷ പരിശോധിക്കുന്നതാണ്. കെ.എസ്.ഇ.ബി. ആയതുകൊണ്ട് ലീസിനാണ് അത് കൊടുക്കാൻ കഴിയുന്നത്. അക്കാര്യം പരിശോധിച്ച് അതിന്റെ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യം പോസിറ്റീവായി പരിഗണിക്കും. ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിനുള്ള സാഹചര്യം ഉള്ളതുകൊണ്ടുതന്നെ ഈ സ്ഥലം ലഭ്യമാക്കി കൊടുക്കണമെന്ന് തന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

(6) <u>ചാലക്കുടി മണ്ഡലത്തിലെ റോഡുകളുടെ റീസ്റ്റോറേഷൻ പ്രവൃത്തികൾ</u>

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ചാലക്കുടി നിയോജക മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതിക്കായി കോടശ്ശേരി, മേലൂർ, കാടുകുറ്റി, കൊരട്ടി, പരിയാരം, കൊടകര ഗ്രാമപഞ്ചായത്തുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി കുഴിച്ച റോഡുകൾ നാളിതുവരെ പൂർവ്വ സ്ഥിതിയിലാക്കിയിട്ടില്ല. ഇതുമൂലം പ്രാദേശിക റോഡുകൾ ഉൾപ്പെടെയുള്ളവ സഞ്ചാരയോഗ്യമല്ലാത്ത അവസ്ഥയിലാണ്. ഇവിടെ വളരെ ദയനീയമായ സാഹചര്യമാണുള്ളത്. റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാനുള്ള നിർദ്ദേശം എസ്.ഇ. ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ യോഗത്തിൽ ഉന്നയിച്ചിട്ടും ഫണ്ട് ലഭിക്കാത്തതുകൊണ്ട് റോഡുകൾ പൂർവ്വം സ്ഥിതിയിലാക്കാൻ സാധ്യമല്ല എന്നുള്ള നിലപാടാണ് കരാറുകാർ സ്വീകരിച്ചത്. റോഡിന്റെ അറ്റകുറ്റപ്പണികൾ ഉൾപ്പെടെയുള്ള തുടർപരിപാലനത്തിന് ഗ്രാമപഞ്ചായത്തുകൾ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതുമൂലം വിനിയോഗിക്കാൻ കഴിയുന്നില്ല. മാർച്ച് 31-നകം സ്പിൽ ഓവർ പ്രവൃത്തികൾക്ക് ഉൾപ്പടെയുള്ള തുക വിനിയോഗിച്ചില്ലെങ്കിൽ ലാപ്സാകുമെന്ന സ്ഥിതിവിശേഷമാണുള്ളത്. വലിയ പ്രതിസന്ധിയാണ്

പഞ്ചായത്തുകൾ നേരിടുന്നത്. പൈപ്പ് സ്ഥാപിച്ച് കഴിഞ്ഞ റോഡുകൾ 2024 ഡിസംബർ മാസത്തോടുകൂടി പൂർവ്വ സ്ഥിതിയിലാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ സഭയിൽ രേഖാമൂലം മറുപടി നൽകിയിരുന്നു. റോഡുകൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിനുള്ള പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കണമെന്നും ജലജീവൻ മിഷന്റെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ജലജീവൻ മിഷന്റെ പദ്ധതികൾ സംസ്ഥാനമൊട്ടാകെ നല്ല നിലയിൽ പുരോഗതി പ്രാപിച്ചിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ച ചില കാര്യങ്ങൾ വസ്തുതാപരമാണ്. റോഡുകളുടെ റീസ്റ്റോറേഷനുമായി ബന്ധപ്പെട്ട്, താൽക്കാലികമായി റിസ്റ്റോറേഷൻ ചെയ്യേണ്ടതും പെർമനന്റായി ചെയ്യേണ്ടതുമുണ്ട്. പൈപ്പ് ലൈൻ ഇട്ടതിനുശേഷം വാട്ടർ പ്രഷർ നടത്തിയതിനുശേഷമേ പെർമനന്റായി ചെയ്യാൻ കഴിയൂ. എന്നാൽ ചില സ്ഥലങ്ങളിൽ അത്തരം കാര്യങ്ങൾ പെട്ടെന്ന് കൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുമുണ്ട്. ചാലക്കുടി

നിയോജകമണ്ഡലത്തിൽ പരിയാരം, മേലൂർ, കൊരട്ടി, കാടുകുറ്റി, കൊടകര, കോടശ്ശേരി എന്നീ പഞ്ചായത്തുകളിലാണ് പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നത്. റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ കരാർ പ്രകാരം പൂർത്തീകരിക്കാൻ കരാറുകാർക്ക് കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. റോഡ് റീസ്റ്റോറേഷൻ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം കരാറുകാർക്കെതിരെ കരാർ നിബന്ധനകൾക്കനുസൃതമായി തുടർനടപടി സ്വീകരിച്ച് മുന്നോട്ട് പോകും. ഇത്തരം കാര്യങ്ങൾ നടക്കുമ്പോഴും, ഈ പ്രവൃത്തികൾ നല്ല രീതിയിൽ കൊണ്ടുപോകാൻ എം.എൽ.എ.-മാർ തന്നെ താൽപ്പര്യമെടുത്ത പല മണ്ഡലങ്ങളിലും യോഗങ്ങൾ വിളിച്ച് ചേർക്കാനും മോണിറ്റർ ചെയ്യാനുമുള്ള അവകാശങ്ങളുണ്ട്. ഇത് പൂർത്തീകരിക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്ന ബോദ്ധ്യം നമുക്കെല്ലാവർക്കും വേണം. കേരളത്തിൽ 55 ശതമാനത്തോളം ഇത്തരം പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിഞ്ഞു. 17 ലക്ഷം എന്നുള്ളിടത്ത് 40 ലക്ഷം കുടുംബങ്ങളിൽ വെള്ളമെത്തി. അത് ഗൗരവപൂർവ്വമായി കാണേണ്ടതുണ്ട്. കരാറുകാരുടെ സമരവുമായി ബന്ധപ്പെട്ട വിഷയം സംബന്ധിച്ച് കരാറുകാരുമായി സംസാരിച്ചിട്ടുണ്ട്. ഇതിൽ

ഫണ്ടിന്റെ തടസ്സം വരേണ്ട കാര്യമില്ല; ഗവൺമെന്റ് അത് കൊടുക്കാൻ ബാധ്യസ്ഥനാണ്; അതിനാവശ്യമായ നടപടി സ്വീകരിക്കും. അതൊരു കാരണമായി പറഞ്ഞ് താൽക്കാലികമായെങ്കിലും ജോലി മുടക്കുന്നുണ്ടോയെന്ന് കൃത്യമായി പരിശോധിക്കുന്നതിന് അതാത് നിയോജകമണ്ഡലത്തിലെ എം.എൽ.എ.-മാർ കൂടി ശ്രദ്ധിക്കുന്നത് നല്ലതായിരിക്കും. അതിനാവശ്യമായ നടപടി സ്വീകരിച്ച് മുന്നോട്ട് പോകുക എന്നുമാത്രമെയുള്ളൂ. പഞ്ചായത്തുകൾക്ക് ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിന് യാതൊരു തടസ്സവും അവിടെയില്ല. റിസ്റ്റോർ ചെയ്യുന്ന സ്ഥലത്ത് പ്രായോഗികമായി ബുദ്ധിമുട്ട് നേരിടുന്നുണ്ടെങ്കിൽ അതാത് സ്ഥലങ്ങളിലെ വാട്ടർ അതോറിറ്റിയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആ പഞ്ചായത്തിലെ ബന്ധപ്പെട്ടവരുമായി സംസാരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാം. കരാറുകാരുമായും സംസാരിക്കുന്നതാണ്. ഇതെല്ലാം നല്ല നിലയിൽ പോകണമെന്ന് മാത്രമെയുള്ളൂ. ഫെബ്രുവരി-മാർച്ച്-ഏപ്രിൽ മാസങ്ങളിലാണ് കൂടുതൽ വർക്ക് ചെയ്യാൻ സാധ്യമാകുന്ന സമയം. അതുകൊണ്ട് ഈ സമയത്തുതന്നെ ഈ വിഷയങ്ങൾ പരിഹരിക്കാനാവശ്യമായ നടപടികൾ പൊതുവെ സ്വീകരിക്കും. ഈ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട്

സബ്മിഷൻ വന്ന സാഹചര്യത്തിൽ അത് കൃത്യമായി മോണിറ്റർ ചെയ്യാനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൊടുക്കാം.

(7) അന്യസംസ്ഥാനങ്ങളിലേക്കുള്ള മരംകടത്ത് തടയൽ

ശ്രീ. കെ. വി. സുമേഷ്: സർ, അഴീക്കോട് മണ്ഡലം എന്നുപറയുന്നത് വളപ്പട്ടണം ഉൾപ്പെടുന്ന പ്രധാനപ്പെട്ട ഇൻഡസ്ട്രിയൽ ഏര്യയാണ്. അതിൽ പതിനാറോളം പ്ലൈവുഡ് ഇൻഡസ്ട്രിയൽ സ്ഥാപനങ്ങൾ; വെസ്റ്റേൺ ഇന്ത്യപോലെ ലോങ്ങ് ഹിസ്റ്ററിയുള്ളവളരെ പ്രധാനപ്പെട്ട ഒരു പ്ലൈവുഡ് മേഖലയിലെ വ്യവസായ സ്ഥാപനമാണ്. ആ മേഖല അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രതിസന്ധി ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. Kerala Murikku and Firewood (Movement Control) Order, 1985 എന്ന ഓർഡർ പ്രകാരം നമ്മുടെ സംസ്ഥാനത്തുനിന്നും ഇതിനാവശ്യമായ അസംസ്കൃത മരങ്ങൾ, വിറകുകൾ ഉൾപ്പെടെയുള്ള ഫയർ വുഡ് ഇതര സംസ്ഥാനത്തേക്ക് കൊണ്ടുപോകാൻ പാടില്ല. തമിഴ്നാട്, കർണ്ണാടക ഉൾപ്പെടെയുള്ള ഇതര സംസ്ഥാനത്തുനിന്ന് ഇങ്ങോട്ടും വിറകുകൾ വരുന്നില്ല. വെസ്റ്റേൺ ഇന്ത്യ

ഉൾപ്പെടെയുള്ള പ്ലൈവുഡ് മേഖലയിലെ സ്ഥാപനങ്ങൾ പറയുന്നത് ഇപ്പോൾ യഥേഷ്ടം വിറകുകൾ ഇതര സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്നത് തടയപ്പെടുന്നില്ല എന്നാണ്. അതിന്റെ ഭാഗമായി ഇവിടെയുള്ള സ്ഥാപനങ്ങൾക്ക് ഈ അസംസ്കൃത വസ്തുക്കൾ ലഭ്യമാകാത്ത പ്രശ്നവുമുണ്ട്. അഴീക്കോട് മണ്ഡലത്തിലെ പതിനാറോളം സ്ഥാപനങ്ങളിൽ ഏതാണ്ട് നൂറ് കണക്കിന് തൊഴിലാളികൾ തൊഴിൽചെയ്യുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങളാണ്. അവർക്ക് ആവശ്യത്തിനുള്ള അസംസ്കൃത മരങ്ങൾ ലഭിക്കാത്തതുകൊണ്ട് ആ ഇൻഡസ്ട്രിയെ ഇത് സാരമായി ബാധിക്കുകയാണ്. അത് മുന്നോട്ട് പോകാൻ കഴിയാത്ത വലിയൊരു പ്രശ്നമാണ് അഭിമുഖീകരിക്കുന്നത്. അതിർത്തികളിൽ ഇത് തടയാൻ ആവശ്യമായ കർശനമായ നടപടിയും നിലപാടും സ്വീകരിക്കണമെന്നാണ് പ്രധാനമായും അവരുടെ അസോസിയഷൻ ഉൾപ്പെടെ ആവശ്യപ്പെടുന്നത്. ഇത് കേരളത്തിലാകെ നേരിടുന്ന പ്രധാനപ്പെട്ട വിഷയമാണ്. നമ്മുടെ പ്ലൈവുഡ് മേഖലയിലുൾപ്പെടെയുള്ള ഇൻഡസ്ട്രിയെ ബാധിക്കുന്ന ഈ പ്രശ്നത്തിന് പരിഹാരമായി അവർക്ക് ആവശ്യമായ അസംസ്കൃത മരങ്ങൾ, ഫയർവുഡുകൾ എന്നിവ ലഭ്യമാക്കാനാവശ്യമായ നടപടി

സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയോട് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. നേരത്തെയുള്ള ഓർഡർ പ്രകാരം ഇതര സംസ്ഥാനത്തേക്ക് വിറകുകൾ കൊണ്ടുപോകുന്നത് തടയാവുന്ന കാര്യമാണെന്നാണ് അവർ പറയുന്നത്. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട അഴീക്കോട് എം.എൽ.എ. ആ മേഖലയെ ബാധിക്കുന്ന ഒരു പ്രധാന പ്രശ്നമാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ 1985-ലെ ഉത്തരവ് പ്രകാരം വിറകുകൾ അന്യസംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്നത് വിലക്കിയിരുന്നു. എന്നാൽ നിലവിൽ ആ ഉത്തരവ് പ്രാബല്യത്തിലില്ല. അതേസമയം 1982 മാർച്ച് 11-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം 2008-ൽ ഒരു സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അതനുസരിച്ച് വിറക് ഇനത്തിൽ 15 ഇനങ്ങൾ ഒഴികെയുള്ളവ സംസ്ഥാനത്തിന് പുറത്തേയ്ക്ക് കൊണ്ടുപോകുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതിനുള്ള നിർദേശവും

നൽകിയിട്ടുണ്ട്. നമ്മുടെ നാട്ടിലെ വ്യവസായ സ്ഥാപനങ്ങൾക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയാത്തൊരു സാഹചര്യമുണ്ടെങ്കിൽ അതുസംബന്ധിച്ച് പ്രത്യേകമായി പരിശോധിക്കുകയും വ്യവസായ വകുപ്പുമന്ത്രിയുടെ സൗകര്യംകൂടി ഉപയോഗിച്ച് ഒരു ചർച്ച നടത്തുന്നതാണ്. ജനങ്ങൾക്ക് പ്രയോജനകരമാകുന്ന വിധത്തിൽ ആവശ്യമായ ഉത്തരവുകൾ നൽകുന്നതിന് ഗവൺമെന്റ് തയ്യാറാണ്.

(8) പീരുമേട് മണ്ഡലത്തിലെ കാട്ടാന ആക്രമണം

ശ്രീ. വാഴൂർ സോമൻ: സർ, എന്റെ നിയോജകമണ്ഡലമായ പെരുവന്താനത്ത് പഞ്ചായത്തിൽ ഇന്നലെ ടി.ആർ. ആൻഡ് ടീ എസ്റ്റേറ്റിൽ നെല്ലിവിള പുത്തൻ വീട്ടിൽ സോഫിയ ഇസ്മയിൽ (45) കാട്ടാനയുടെ അക്രമണത്തിൽ ദാരുണമായി മരണപ്പെട്ട സംഭവം അറിയിക്കുകയാണ്. ഇവർക്ക് രണ്ട് കുട്ടികളാണുള്ളത്. സംസാരശേഷിയില്ലാത്ത മൂത്തകുട്ടി ആമിന പള്ളിക്കത്തോട് ഐ.ടി.ഐ.-യിൽ വിദ്യാർഥിനിയാണ്. ഇളയ ആൾ കോരുത്തോട് സി. കേശവൻ മെമ്മോറിയൽ സ്കൂളിലെ പ്ലസ് വൺ വിദ്യാർഥിനിയാണ്. മരണപ്പെട്ട സോഫിയ ഇസ്മയിലിന്റെ കുടുംബാംഗങ്ങൾ തീരെ നിർധനരാണ്. ഈ സംഭവം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ ഇന്നലെ

രാത്രിതന്നെ വിളിച്ച് അറിയിച്ചിരുന്നു. അദ്ദേഹം ഇടപെട്ടതിനെത്തുടർന്ന് ജില്ലാ കളക്ടർ രാത്രി ഒരുമണിക്ക് സംഭവസ്ഥലത്ത് എത്തിയിരുന്നു. അവിടെയുള്ള ജനക്കൂട്ടത്തെ മൃതശരീരം എടുക്കാൻ സമ്മതിച്ചിരുന്നില്ല. മൂന്ന് ആനയും അതിന് കാവൽ നിൽപ്പുണ്ടായിരുന്നു. ജില്ലാകളക്ടർ ആളുകളുമായി സംസാരിച്ച് 10 ലക്ഷം രൂപ ഇന്നേ ദിവസം ലഭ്യമാക്കാമെന്നും ഒരാൾക്ക് ജോലി നൽകാമെന്ന ഉറപ്പിന്റെയും അടിസ്ഥാനത്തിലാണ് മൃതശരീരം ആ സ്ഥലത്തുനിന്നും ആശുപത്രിയിലേക്ക് മാറ്റിയത്. ഞങ്ങളെ സംബന്ധിച്ചടത്തോളം ഈ വിഷയം ആദ്യത്തെ സംഭവമല്ല. എന്റെ നിയോജകമണ്ഡലത്തിൽ മുണ്ടക്കയം ഭാഗം മുതൽ കുമളി, തേക്കടി, കഴിഞ്ഞ് ചക്കുപള്ളം വരെ ഏതാണ്ട് നൂറ്റിപ്പത്ത് കിലോമീറ്റർ ദൈർഘ്യം വരുന്ന വനമേഖലയോട് ചേർന്ന് കിടക്കുന്ന പ്രദേശമാണ്. ഇവിടെയാണ് തേക്കടി വൈൽഡ് ലൈഫ് സാങ്ച്വറി നിലകൊള്ളുന്നത്. എന്നാൽ നിർഭാഗ്യമെന്ന് പറയട്ടെ, പീരുമേട് മണ്ഡലത്തിലുള്ള റേഞ്ച് ഓഫീസ് കോട്ടയം ജില്ലയിലെ എരുമേലിയിലാണ് പ്രവർത്തിക്കുന്നത്. ഞാൻ ഇക്കാര്യം നേരത്തെ ഒരു സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയെ അറിയിച്ചിരുന്നു. അദ്ദേഹം അത് പരിശോധിക്കാം,

പരിഗണിക്കാമെന്ന് മറുപടി നൽകിയെങ്കിലും നാളിതുവരെ നടപടിയൊന്നും ഉണ്ടായിട്ടില്ല. നിരവധി വന്യജീവി അക്രമണങ്ങൾ അവിടെയുണ്ടായിട്ടുണ്ട്. നിർഭാഗ്യവശാൽ ഇക്കാര്യങ്ങൾ കോട്ടയം ഡി.എഫ്.ഒ.-യെയും എരുമേലി റേഞ്ച് ഓഫീസറെയും അറിയിച്ച് വരുമ്പോൾ ആളുകൾ മരണപ്പെടുന്ന സ്ഥിതിവിശേഷമാണ്. അതുകൊണ്ട് പീരുമേടിൽ റേഞ്ച് ഓഫീസ് ആരംഭിക്കുന്നകാര്യം ഗൗരവമായി പരിശോധിക്കണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർഥിക്കുകയാണ്. അതോടൊപ്പം രാവിലെ പീരുമേട് മജിസ്ട്രേറ്റ്, തഹസിൽദാർ എന്നിവരുടെ ക്വാർട്ടേഴ്സിന് മുന്നിലും ആശുപത്രിയുടെയും സ്കൂൾ പരിസരത്തും ദിവസവും കാട്ടാന എത്തിച്ചേരുകയാണ്. ചിലപ്പോൾ എന്തെങ്കിലും പരാതികൾ പറയാനായിരിക്കും വന്നത്. അവിടെ ജനങ്ങൾക്ക് ജീവിക്കാൻ പറ്റാത്ത സാഹചര്യമാണുള്ളത്. ഈ അടുത്ത ദിവസം ഒരു ഇക്കോഷോപ്പിന്റെ ഉദ്ഘാടനം നടത്താൻ ബഹുമാനപ്പെട്ട മന്ത്രി വരുമെന്ന് അറിയിച്ചിരുന്നു. നിർഭാഗ്യമെന്നുപറയട്ടെ, അദ്ദേഹം വന്നില്ല. വരാതിരുന്നത് നന്നായി എന്നാണ് ഞാൻ അദ്ദേഹത്തോട് രഹസ്യമായി പറഞ്ഞത്. കാരണം അത്രത്തോളം കാര്യങ്ങൾ രൂക്ഷമാണ്. അവിടെ പ്ലാക്കത്തടം എന്ന ആദിവാസി

കോളനിയിലേക്കുള്ള റോഡുള്ളത് തുറന്നുകൊടുക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി മെമ്മോറാണ്ടം നൽകിയിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ ഗോത്ര കമ്മീഷൻ ഈ റോഡ് തുറന്നുകൊടുക്കണമെന്ന് ഉത്തരവിടുകയും ചെയ്തിരുന്നു. പക്ഷേ അങ്ങനെയൊരു റോഡ് ഇല്ലെന്നാണ് കോട്ടയം ഡി.എഫ്.ഒ. പറയുന്നത്. ഞാൻ ഈ വഴിയിലൂടെ ജീപ്പ് ഓടിച്ച് എത്രയോ വർഷം പോയിട്ടുള്ള ഒരാളാണ്. അങ്ങനെയുള്ള എനിക്കാണ് അങ്ങനെയൊരു റോഡില്ലെന്ന മറുപടി നൽകിയിരിക്കുന്നത്. നിരുത്തരവാദപരമായി പെരുമാറുന്ന ഇത്തരം ഉദ്യോഗസ്ഥരെ നിലക്ക് നിർത്തുവാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്നുകൂടി ഈ സന്ദർഭത്തിൽ അഭ്യർഥിക്കുകയാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, ബഹുമാനപ്പെട്ട പീരുമേട് എം.എൽ.എ. വാഴൂർ സോമൻ സബ്മിഷനിലൂടെ മൂന്നു-നാല് കാര്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്. അതിൽ ഏറ്റവും ഗൗരവത്തിൽ കാണേണ്ടത് നെല്ലിവിള സ്വദേശി സോഫിയ ഇസ്മയിൽ മരണപ്പെട്ട സംഭവമാണ്. മരണപ്പെടാനിടയായ സാഹചര്യങ്ങൾ പൊതുവെ നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ടതാണ്. എന്നാൽ ആ

വിവരം അറിയിച്ച ഉടനെതന്നെ വനം വകുപ്പിലെയും റവന്യൂ വകുപ്പിലെയും ഉദ്യോഗസ്ഥർ ഫലപ്രദമായി ഇടപെടുകയും ആശ്വാസ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കുടുംബത്തിലെ ഒരാൾക്ക് ജോലി നൽകുന്ന കാര്യത്തിന് ഉചിതമായ തീരുമാനമെടുക്കണമെന്നാണ് അതുമായി ബന്ധപ്പെട്ട് അദ്ദേഹം പറയുന്നത്. സ്ഥിരം ജോലി നൽകുന്നതുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ വനം വകുപ്പിന് മാത്രമായി ഒരു തീരുമാനമെടുക്കാൻ കഴിയില്ലെന്ന് അംഗത്തിന് പ്രത്യേകിച്ച് അറിയാവുന്നതാണ്. അത്തരത്തിൽ നിലവിലുള്ള നിയമം മാറ്റി ഈ രീതിയിൽ മരണത്തിന് ഇടയാകുന്നവരെ ആശ്രിതനിയമത്തിൽ ഉൾപ്പെടുത്താൻ കഴിയുമോയെന്നുള്ളത് നയപരമായ കാര്യമായതിനാൽ ചർച്ച ചെയ്തുവരുന്നുണ്ട്. തീർച്ചയായും ജനങ്ങൾക്ക് പ്രയോജനകരമായ വിധത്തിൽ അക്കാര്യത്തിൽ തീരുമാനമെടുക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. മറ്റൊന്ന്, പീരുമേടുമായി ബന്ധപ്പെട്ട ഓഫീസുകളെല്ലാം ദൂരെ എവിടെയോ സ്ഥലത്താണെന്നും അവിടെയൊന്നും എത്തുവാൻ സാധിക്കുന്നില്ലായെന്നുള്ള വിഷയമാണ്. ഇക്കാര്യം നേരത്തെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. 1972-ൽ ഇടുക്കി ജില്ല രൂപീകൃതമായത് മുതൽ അങ്ങനെയാണ് പ്രവർത്തിക്കുന്നത്.

അതിനെ മാറ്റി സ്ഥാപിക്കുന്നതിന് പുതിയ ഫോറസ്റ്റ് സ്റ്റേഷൻ അംഗീകരിച്ചു കിട്ടേണ്ടതുണ്ട്. അക്കാര്യം നേരത്തെ ഒരു സബ്മിഷന് മറുപടിയായി നൽകിയിരുന്നു. ഈ വിഷയം ഗവൺമെന്റിന്റെ പരിഗണനയിലാണ്. ആ ഘട്ടം വരുമ്പോൾ ഒരു പുനഃസംവിധാനം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. മറ്റൊന്ന് റോഡുമായി ബന്ധപ്പെട്ട പ്രശ്നമാണ്. ഡി.എഫ്.ഒ. പരിശോധിച്ചശേഷം നൽകിയ മറുപടിയിൽ, മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ റവന്യൂ, പി.ഡബ്ല്യൂ.ഡി, വനംവകുപ്പ് എന്നീ രേഖകളിൽ അങ്ങനെ ഒരു റോഡ് ഉള്ളതായി കാണുന്നില്ല. പക്ഷേ ആ ഉത്തരത്തിൽ തൃപ്തികേടിന്റെ ആവശ്യമില്ല. അത് വനം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ നേരിട്ട് എത്തി സംഭവസ്ഥലം പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നമുക്ക് ഉചിതമായ നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്.

(9) <u>കോടതി ഫീസും വ്യവഹാര സലയും പുതുക്കി നിശ്ചയിക്കൽ</u>

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, ബഡ്ജറ്റ് പ്രസംഗത്തിൽ ഭാഗം-IV, വിഭവസമാഹരണം എന്ന ശീർഷകത്തിൽ 204 മുതൽ 212 വരെയുള്ള

പേജുകളിലാണ് 150 കോടി രൂപയുടെ വരുമാനം പ്രതീക്ഷിച്ച് എല്ലാ കോടതികളിലും കോർട്ട് ഫീസും മറ്റും വർധിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെയടിസ്ഥാനത്തിൽ സാധാരണക്കാരന് നീതി ലഭിക്കാൻ അവിടെ ആശാകേന്ദ്രമായ കോടതിയിൽ വലിയ ചെലവ് വഹിക്കേണ്ടി വരുന്നതാണ്. സർഫാസി ആക്ട് പ്രകാരമുള്ള ഫീസും മറ്റ് ചെലവുകളും വർധിപ്പിച്ചത് പാവങ്ങളായ വായ്പ എടുത്ത ആളുകൾ നൽകേണ്ടിവരും. ബാങ്കുകൾ ഒരിക്കലും അത് നൽകാറില്ല. 'ഭാരതീയ നാഗരിക് സുരക്ഷാ സംഹിത' പ്രകാരം ജാമ്യാപേക്ഷയ്ക്ക് ഹൈക്കോടതിയിൽ അഞ്ഞൂറ് രൂപയും സെഷൻസ് കോടതിയിൽ മുൻകൂർ ജാമ്യാപേക്ഷയ്ക്ക് 250 രൂപയും ജാമ്യാപേക്ഷയ്ക്ക് 200 രൂപയും മറ്റ് കോടതികളിൽ 50 രൂപയുമായി വർധിപ്പിച്ചിരിക്കുന്നു. മാത്രമല്ല, തുടർന്നുള്ള ഓരോ ഹർജിക്കും അതിന്റെ പകുതി ഫീസും ആബ്സന്റ് പെറ്റീഷനായാലും മറ്റു പെറ്റീഷനായാലും അതിനൊക്കെ പകുതിയുടെ പകുതി ഫീസും നൽകണമെന്നാണ്. അങ്ങ് ഒരു അഭിഭാഷകനല്ലേ; പൊളിറ്റിക്കൽ കേസുകളിൽ ധാരാളമായി ഹാജരായ ഒരു വക്കീലാണ് ഞാൻ. പൊളിറ്റിക്കലായാലും ലീഗായാലും കോൺഗ്രസായാലും സി.പി.ഐ.(എം)

ആയാലും 80-100 പ്രതികളുണ്ടായാൽ എത്ര രൂപയാണ് ചെലവ് വരുന്നത്; 50000, 25,000, 30,000 രൂപ വരെ ചെലവ് വരും. ഓരോ തുടർഹർജിക്കും അത് സാധ്യമാണോ; ഒരു ജൂനിയർ അഭിഭാഷകൻ ഒരു സീനിയർ അഭിഭാഷകന് വക്കാലത്ത് കൊടുക്കുന്നതിനുള്ള ഫീസും വർധിപ്പിച്ചു. ഇക്കാര്യങ്ങൾ സമയക്കുറവുകാരണം ഞാൻ വിശദീകരിക്കുന്നില്ല. ഈ സമീപനം ഭരണഘടനയുടെ നിർദേശ തത്വങ്ങൾക്ക് വിരുദ്ധമാണ്. ആർട്ടിക്കിൾ 39(A) ഞാൻ വായിക്കാം. അതിൽ പറയുന്നത്, ' The State shall secure that the operation of the legal system promotes justice, on a basis of equal opportunity, and shall, in particular, provide free legal aid, by suitable legislation or schemes or in any other way, to ensure that opportunities for securing justice are not denied to any citizen by reason of economic or other disabilities' ' എന്നാണ്. ഇത് അതിന് എതിരാണ്. സ്ത്രീകൾക്കും കുട്ടികൾക്കും ഫാമിലി കോർട്ട് ഫീസ് വർധിപ്പിച്ചു. അത് ആർട്ടിക്കിൾ 15(3)-ന് വിരുദ്ധമാണ്. ആർട്ടിക്കിൾ 15(3)-ൽ പറയുന്നത്, " ...nothing in this article shall prevent the State from making any special provisions for women

and children" എന്നാണ്. അതിനുപകരം അവർക്കും ഫീസ് വർധിപ്പിക്കുകയാണ് ചെയ്തത്. ഇവിടെ മൂന്നംഗ സുപ്രീംകോടതി ബെഞ്ചും (2019 (5) SCC page 384) നമ്മുടെ ഹൈക്കോടതിയും (1994 (2) KLT 169) സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ സംരക്ഷണം നൽകണമെന്നാണ് വിധിച്ചത്. ഈ കാര്യങ്ങളെല്ലാം വളരെ വിശദമായി കേരള ലോയേഴ്സ് ഫോറം സംസ്ഥാന പ്രസിഡന്റ് അഡ്വ. എ. എ. റസാഖ്, ആലപ്പുഴ, ജനറൽ സെക്രട്ടറി എന്നിവർ ജസ്റ്റിസ് വി. കെ. മോഹനൻ കമ്മിറ്റി മുമ്പാകെ വളരെ വിശദമായി ധരിപ്പിച്ചെങ്കിലും ഒന്നും സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ ഈ ഫീസ് വർധനവ് സ്വീകരിക്കരുതെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് വിനീതമായി അഭ്യർഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നങ്ങൾ ബജറ്റ് നിർദേശങ്ങൾക്കകത്ത് വന്നിട്ടുള്ളതിനാൽ ബജറ്റ് ചർച്ചയുടെ ഭാഗമായി ചർച്ച ചെയ്യേണ്ട ഒന്നാണ്. പ്രധാനമായും ഇത് ഭരണഘടനാവിരുദ്ധമാണെന്നതായിരുന്നു അദ്ദേഹത്തിന്റെ സബ്മിഷനിലെ ഊന്നൽ. ഇതുവരെ 1959-ലെ നിയമമനുസരിച്ച് 13 തവണ

ഫീസ് വർധനവ് വരുത്തിയിട്ടുണ്ട്. അതായത് ആനുപാതികമായി ഫീസ് വർധനവ് വരുത്താമെന്ന് ലോ കമ്മീഷന്റെ ശിപാർശയും സുപ്രീംകോടതിയുടെ ജഡ്ജ്മെന്റുമുണ്ട്. 2023-24-ലെ ബജറ്റ് പ്രസംഗത്തിൽ ധനകാര്യവകുപ്പുമന്ത്രി ഫീസിനത്തിൽ മാറ്റംവരുത്തുമെന്ന പ്രസ്താവിക്കുകയുണ്ടായി. അതിനെ അടിസ്ഥാനപ്പെടുത്തി ഇക്കാര്യം പഠിക്കുന്നതിനായി ഹൈക്കോടതിയിലെ മുൻ ജസ്റ്റിസ് വി. കെ. മോഹനൻ അധ്യക്ഷനായി ഒരു അഞ്ചംഗ വിദഗ്ധസമിതിയെ സർക്കാർ രൂപീകരിക്കുകയുണ്ടായി. ഈ വിദഗ്ധസമിതിയുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ അഞ്ചുമടങ്ങ് വർധന വരുത്തി എന്നുപറയുമ്പോഴും ചിലതിന്റെ ഫീസ് 2 രൂപയിൽനിന്നും 10 രൂപയിലേയ്ക്കുള്ള വർധനയാണ് ഉണ്ടായിട്ടുള്ളത്. അതുപോലെ മറ്റുചില ഫീസുകളും വർധിപ്പിച്ചിട്ടുണ്ട്. ഈ വിദഗ്ധസമിതിയുടെ പഠനത്തിൽ സ്റ്റേക്ക് ഹോൾഡേഴ്സിനെ കേട്ടതിന്റെ അടിസ്ഥാനത്തിലാണ് അവരുടെ നിർദേശങ്ങൾ വന്നിട്ടുള്ളത്. ആ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ 1959-ലെ The Kerala Court Fees and Suits Valuation നിയമം ഭേദഗതി ചെയ്യേണ്ടതുണ്ട്. അതിലെ രണ്ട് ഷെഡ്യൂളുകളിൽ, ഒരു ഷെഡ്യൂളിൽ ഫീസുകൾ നിശ്ചയിച്ചിട്ടുള്ളതും മറ്റൊന്ന്

മാറ്റം വരുത്താവുന്നതുമാണ്. അതാണ് ഇപ്പോൾ മാറ്റം വരുത്താൻ ബജറ്റ് പ്രസംഗത്തിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുള്ളത്. ഭരണഘടനയുടെ അനുച്ഛേദം 246 പ്രകാരം നിയമനിർമ്മാണം നടത്താൻ നിയമസഭയ്ക്കധികാരമുണ്ട്. അതിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണ് KeLSA (Kerala State Legal Services Authority) പോലുള്ള സംവിധാനങ്ങൾക്ക് നിയമനിർമ്മാണംപോലും വന്നിട്ടുള്ളത്. പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് നീതി ഉറപ്പുവരുത്താനുള്ള നിയമസഹായം സൗജന്യമായി ലഭിക്കുന്നതിനുള്ള നിയമം നമ്മുടെ രാജ്യം പാസാക്കിയിട്ടുള്ളതും ഇവിടെ അതിന് സംവിധാനങ്ങളേർപ്പെടുത്തിയിട്ടുള്ളതും അതിനായി ഗവൺമെന്റ്, ബജറ്റിൽനിന്നും പണം നീക്കിവച്ച് വിനിയോഗിക്കുന്നതും അദ്ദേഹം ഉന്നയിച്ച ആ ഭരണഘടനയുടെ കാഴ്ചപ്പാടിനനുസൃതമാണ്. ആ കാഴ്ചപ്പാട് പൂർണ്ണമായും നമ്മുടെ നാട്ടിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. യഥാർഥത്തിൽ 2003-ൽ ഒരു പഠനവും നടത്താതെ വർധന വരുത്തിയത് വലിയ തരത്തിലുള്ള വിമർശനത്തിനിടയാക്കി. കേരളത്തിന്റെ ചരിത്രത്തിൽ ഒരു വിദഗ്ധസമിതിയെ വച്ച് ആ വിദഗ്ധസമിതി കേരളം മുഴുവൻ കേട്ട്

ബഹുമാന്യനായ അംഗം ചൂണ്ടിക്കാട്ടിയതുപോലെ സംഘടനകളുടെയും പ്രതിനിധികളുടെയും മുഴുവൻ സ്റ്റേക്ക് ഹോൾഡേഴ്സിന്റെയും അഭിപ്രായങ്ങളുൾപ്പെടെ കേട്ട് കേരളത്തിന്റെ ചരിത്രത്തിൽ ജനാധിപത്യപരമായിട്ടുള്ള പ്രക്രിയയിലൂടെ ഒരു വർധന വന്നിട്ടുള്ളത് ആദ്യമായിട്ടാണ്. മറ്റ് കാര്യങ്ങളെല്ലാം ബജറ്റ് പ്രസംഗത്തിൽ ഭരണഘടനാനുസൃതമായി ചർച്ച ചെയ്യാവുന്നതാണ്. ജനാധിത്യപരമായ ഒരു പ്രക്രിയയുടെ ഭാഗമായി വന്ന റിപ്പോർട്ടിനെ ആധാരമാക്കിക്കൊണ്ടുള്ള നിർദേശങ്ങളാണ് ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(10) <u>സ്കൂൾ പാചക തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ</u>

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: സർ, സംസ്ഥാനത്തെ 17000-ലധികം വരുന്ന സ്കൂൾ പാചകത്തൊഴിലാളികൾ വളരെകുറഞ്ഞ വേതനത്തിലാണ് ജോലി ചെയ്യുന്നത്. മിനിമം കൂലി, വർഷാവർഷ വേതനവർധന, ഇ.എസ്.ഐ., പ്രോവിഡന്റ് ഫണ്ട് തുടങ്ങിയ ആനുകൂല്യങ്ങൾ നടപ്പിലാക്കണമെന്ന് തൊഴിലാളികൾ കാലങ്ങളായി ആവശ്യപ്പെടുന്നു. നിലവിൽ സംസ്ഥാനത്ത് 500 കുട്ടികൾക്ക് ഒരു തൊഴിലാളി എന്നത് വർധിപ്പിക്കണമെന്ന ആവശ്യവും

നിലനിൽക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സ്കൂൾ പാചകത്തൊഴിലാളികളെ സർക്കാർ ജീവനക്കാരായി അംഗീകരിച്ച് അവരുടെ ക്ഷേമം ഉറപ്പുവരുത്തണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സ്കൂൾ ഉച്ചഭക്ഷണ പദ്ധതി തികച്ചും വികേന്ദ്രീകൃതമായ രീതിയിലാണ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത്. സ്കൂൾതലത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചുമതല സ്കൂൾ പി.ടി.എ. പ്രസിഡന്റ് ചെയർമാനും പ്രധാനാധ്യാപകൻ/പ്രധാനാധ്യാപിക കൺവീനറുമായിട്ടുള്ള സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റിയിൽ നിക്ഷിപ്തമായിട്ടുള്ളതിനാൽ ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിന് തൊഴിലാളികളെ നിയമിക്കുന്നത് പ്രസ്തുത കമ്മിറ്റിയാണ്.

കേന്ദ്ര മാർഗരേഖപ്രകാരം ഓണറേറിയം വ്യവസ്ഥയിലാണ് പാചകത്തൊഴിലാളികളെ സ്കൂളിലെ ഉച്ചഭക്ഷണ കമ്മിറ്റി നിയമിക്കുന്നത്. ഇപ്രകാരം സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റി നിയമിക്കുന്ന പാചകത്തൊഴിലാളികൾക്ക് ഓണറേറിയം നൽകുക മാത്രമാണ് കേന്ദ്ര-സംസ്ഥാന സർക്കാർ ചെയ്യുന്നത്.

കേന്ദ്ര മാർഗരേഖപ്രകാരം നിശ്ചയിക്കപ്പെട്ട പദ്ധതി അടങ്കലിന്റെ 60% തുക കേന്ദ്ര സർക്കാരും 40% തുക സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന പദ്ധതിയടങ്കലിന് ഉപരിയായി വരുന്ന പദ്ധതിച്ചെലവ് സംസ്ഥാന സർക്കാരിന്റെ അധിക ബാധ്യതയാണ്. പാചകത്തൊഴിലാളികൾക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രതിമാസ നിർബന്ധിത ഓണറേറിയമായ 1000 രൂപയിൽ കേന്ദ്ര വിഹിതം 600 രൂപയും സംസ്ഥാനവിഹിതം 400 രൂപയുമാണ്. സ്കൂൾ കുട്ടികൾക്ക് സൗജന്യമായി പോഷകാഹാരം ലഭ്യമാക്കുന്നതിനായി കേന്ദ്രം നിഷ്കർഷിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ തുക ഓണറേറിയം ഇനത്തിൽ സംസ്ഥാനം അധികവിഹിതമായി നൽകിവരികയാണ്. 2021 ജൂൺ 17-ലെ സർക്കാർ ഉത്തരവുപ്രകാരം കേരളത്തിലെ സ്കൂൾ പാചകത്തൊഴിലാളികൾക്ക് നൽകുന്ന കുറഞ്ഞ പ്രതിദിന ഓണറേറിയം 600 രൂപയും പരമാവധി പ്രതിദിന ഓണറേറിയം 675 രൂപയുമാണ്. ഇപ്രകാരം ആകെ 20 സ്കൂൾ പ്രവൃത്തിദിവസങ്ങൾക്ക് പ്രതിമാസം ഒരു പാചകത്തൊഴിലാളിക്ക് കുറഞ്ഞത് 12000 രൂപയും കൂടിയത് 13500 രൂപയും സംസ്ഥാനം അധികവിഹിതമായി അനുവദിക്കുകയാണ്. ഇത് കേന്ദ്രം

പ്രതിമാസം നിഷ്കർഷിക്കുന്ന തുകയുടെ 12 മുതൽ 13 വരെ ഇരട്ടിയാണ്. 60:40 എന്ന അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന ഫണ്ടും സംസ്ഥാന അധികവിഹിതവുമുപയോഗിച്ചാണ് നിലവിൽ ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കുന്നത്.

ഓണറേറിയത്തിനുപുറമെ സംസ്ഥാന സർക്കാർ പ്രത്യേക താൽപര്യമെടുത്ത് 2017 മുതൽ സ്കൂൾ വേനൽ അവധിക്കാലമായ ഏപ്രിൽ-മേയ് മാസങ്ങളിൽ പാചകത്തൊഴിലാളികൾക്ക് സമാശ്വാസമായി പ്രതിമാസം 2000 രൂപ അനുവദിക്കുന്നുണ്ട്. പാചകത്തൊഴിലാളികൾക്ക് സ്കൂൾ അവധിക്കാലമായ ഏപ്രിൽ-മേയ് മാസങ്ങളിൽ സമാശ്വാസം അനുവദിക്കുന്ന ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്. കേന്ദ്ര സർക്കാർ നാളിതുവരെ പാചകത്തൊഴിലാളികളുടെ ഓണറേറിയത്തിന് യാതൊരുവിധ വർധനയും നൽകിയിട്ടില്ലെന്ന വസ്തുത നിലനിൽക്കെ സംസ്ഥാന സർക്കാർ 2016-17 മുതൽ 2021-22 വരെ അഞ്ചുതവണ ഓണറേറിയം വർധിപ്പിച്ചിട്ടുള്ളതിനാൽ ഏകദേശം 160 കോടിയോളം രൂപ സംസ്ഥാന സർക്കാരിന് പ്രതിവർഷം ഈയിനത്തിൽ അധിക ബാധ്യതയുണ്ടാകുന്നുണ്ട്.

മുൻകാലങ്ങളിൽ പാചകത്തൊഴിലാളികൾക്ക് മാസത്തിന്റെ 5-ാം തീയതി അല്ലെങ്കിൽ 10-ാം തീയതിക്കുമുമ്പായി ഓണറേറിയം നൽകിവന്നിരുന്നു. എന്നാൽ പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (പി.എഫ്.എം.എസ്.) നടപ്പിലാക്കിയ 2021-22 വർഷം മുതൽ ടി സിസ്റ്റം മുഖേനയാണ് ഓണറേറിയം വിതരണം നടത്താനുള്ള പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ ധന ഇടപാടുകളും നടത്തിയിരിക്കുന്നത്. കേന്ദ്ര വിഹിതം ലഭ്യമായാൽ മാത്രമേ അതിന് ആനുപാതികമായി സംസ്ഥാന വിഹിതം കൂട്ടിച്ചേർത്ത് താഴെത്തട്ടിലേയ്ക്ക് ഓണറേറിയം വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. പലപ്പോഴും കേന്ദ്ര വിഹിതം ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. ഇത് സമയബന്ധിതമായി താഴെത്തട്ടിലേയ്ക്ക് തുക ലഭ്യമാക്കുന്നതിന് തടസം സൃഷ്ടിക്കുന്നുണ്ട്. പാചകത്തൊഴിലാളികൾ അനുഭവിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾക്ക് ഒരു പരിധിവരെ പരിഹാരം കാണുന്നതിനായി സംസ്ഥാനം അധികവിഹിതത്തിൽനിന്നും പാചകത്തൊഴിലാളികൾക്കുള്ള ഓണറേറിയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിലവിൽ പാചകത്തൊഴിലാളികളുടെ 2024 ആഗസ്റ്റ് വരെയുള്ള മുഴുവൻ ഓണറേറിയവും

വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സെപ്തംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ സംസ്ഥാന അധിക വിഹിതത്തിൽനിന്നുള്ള പാചകത്തൊഴിലാളികളുടെ ഓണറേറിയം ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്.

സെപ്തംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ കേന്ദ്ര മാനദണ്ഡപ്രകാരം പ്രതിമാസം 1000 രൂപ വീതവും ഡിസംബർ മാസത്തെ മുഴുവൻ ഓണറേറിയവുമാണ് നിലവിൽ കുടിശ്ശികയായി വിതരണം ചെയ്യാനുള്ളത്. സെപ്തംബർ, ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ കേന്ദ്ര മാനദണ്ഡപ്രകാരമുള്ള പ്രതിമാസ 1000 രൂപ വിതരണം ചെയ്യുന്നതിലേയ്ക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽനിന്നും നടപ്പുവർഷത്തെ ആദ്യഗഡുവിന്റെ ബാലൻസ് തുക പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പി.എഫ്.എം.എസ്. സിംഗിൾസ് നോഡൽ അക്കൗണ്ടിൽ എത്തിക്കുകയും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. കൂടാതെ ഡിസംബർ മാസത്തെ സംസ്ഥാന

അധികവിഹിതത്തിൽനിന്നുള്ള ഓണറേറിയം അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

സ്കൂൾ ഉച്ചഭക്ഷണ പാചകത്തൊഴിലാളികൾക്ക് മിനിമം വേജസ് ആക്ട് പ്രകാരമുള്ള മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് തൊഴിലുറപ്പ് 2016-ൽ ആഗസ്റ്റ് 8-ന് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിജ്ഞാപനമനുസരിച്ച് സ്കൂൾ ഉച്ചഭക്ഷണ പാചകത്തൊഴിലാളികളുടെ കുറഞ്ഞ വേതനം പ്രതിദിനം 350 രൂപയായി നിശ്ചയിച്ചിരുന്നു. എന്നാൽ പിന്നീട് സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും സ്കൂൾ പാചകത്തൊഴിലാളി എന്നത് കേന്ദ്രാവിഷ്കൃത പദ്ധതിയിൻകീഴിൽ വരുന്നതായിരുന്നതിനാലും നിലവിൽ മിനിമം വേതനത്തേക്കാൾ ഉയർന്ന തുക ഓണറേറിയമായി നൽകിവരുന്നതിനാലും മിനിമം വേജസ് ആക്ടുപ്രകാരമുള്ള മിനിമം വേതനം നൽകണമെന്നുള്ള ആവശ്യം 2022 ഏപ്രിൽ 6-ലെ ഉത്തരവുപ്രകാരം ലഭിക്കുകയുണ്ടായി. നിലവിലെ വ്യവസ്ഥകൾപ്രകാരം 500 കുട്ടികൾക്ക് ഭക്ഷണം പാചകം ചെയ്യാൻ ഒരാളും 500 കുട്ടികൾക്ക് മുകളിൽ രണ്ടുപേരും വേണമെന്ന കണക്കിലാണ് സംസ്ഥാനത്തെ സ്കൂളുകളിൽ

പാചകത്തൊഴിലാളികളെ നിയമിക്കുന്നത്. എന്നാൽ പാചകത്തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച വിഷയത്തിൽ സംസ്ഥാനം പിന്തുടരുന്ന രീതിയിൽനിന്നും തികച്ചും വ്യത്യസ്തമായ മാർഗ്ഗങ്ങളാണ് 'പി.എം പോഷൺ' മാർഗ്ഗ നിർദേശങ്ങളിൽ പരാമർശിക്കുന്നത്. ആയത് ചുവടെ പറയും പ്രകാരമാണ്. 25 കുട്ടികൾക്കുവരെ ഒരു പാചകത്തൊഴിലാളി, 26-100 കുട്ടികൾക്കുവരെ രണ്ട് പാചകത്തൊഴിലാളി എന്നിങ്ങനെയുള്ള നിയന്ത്രണങ്ങൾ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരികയും ഒരു പാചകത്തൊഴിലാളിക്ക് തരുന്നത് വെറും 1000 രൂപ മാത്രവുമാണ്. ആദ്യത്തെ 100 കുട്ടികൾക്കുശേഷം വരുന്ന ഒരോ 100 കുട്ടികൾക്കും ഓരോ പാചകത്തൊഴിലാളി കൂടി അധികം വേണം. കേന്ദ്ര സർക്കാർ മാർഗ്ഗ നിർദേശങ്ങളനുസരിച്ച് 500 കുട്ടികൾക്ക് ആറ് തൊഴിലാളികളെ നിയമിക്കേണ്ടതുണ്ട്. പക്ഷേ കേന്ദ്രസർക്കാർ നിഷ്കർഷിക്കുന്നതിനെക്കാൾ വളരെ ഉയർന്ന നിരക്കിൽ പാചകത്തൊഴിലാളികൾക്ക് വേതനം നൽകുന്നതിനാൽ ടി മാർഗ്ഗരേഖ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് പ്രയോഗികമല്ല. ഒരു നിശ്ചിത പ്രവൃത്തി ചെയ്യുന്നതിനുള്ള പ്രതിഫലമായി ഓണറേറിയം കൈപ്പറ്റിക്കൊണ്ട് ജോലിയിൽ

തുടരുന്ന പാചകത്തൊഴിലാളികൾക്ക് പ്രതിമാസ ഓണറേറിയവും അവധിക്കാല സമാശ്വാസവും ഒഴികെ മറ്റൊരു തരത്തിലുമുള്ള ആനുകൂല്യങ്ങൾക്ക് നിലവിലെ വ്യവസ്ഥകൾപ്രകാരം അവർ അർഹരല്ല. ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരായതിനാൽ അവരെ സ്ഥിരം ജീവനക്കാരനാക്കാനോ അവർക്ക് ആശ്രിത നിയമനം നൽകുവാനോ നിലവിൽ വ്യവസ്ഥകളില്ല. കേന്ദ്ര സർക്കാർ പാചകത്തൊഴിലാളികൾക്ക് പെൻഷനോ മറ്റ് ആനുകൂല്യങ്ങളോ അനുവദിച്ചിട്ടില്ല. എന്നിരുന്നാലും നിശ്ചിത സേവനം അനുവദിക്കുന്നതിനായി ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നവരായതിനാൽ പെൻഷൻ ഏർപ്പെടുത്താനും നിർവാഹമില്ല. പാചകത്തൊഴിലാളികളെ ഇ.എസ്.ഐ., ഇ.പി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം തൊഴിൽ -നൈപുണ്യ വകുപ്പ് പരിശോധിച്ചുവരികയാണ്. പാചകത്തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയാണ്. പാചകത്തൊഴിലാളികൾക്ക് ആരോഗ്യ പരിരക്ഷ ലഭിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ ആരോഗ്യവകുപ്പുമായി ചേർന്ന് പരിശോധിച്ച് വരികയാണ്.

(11) ഹയർ സെക്കൻഡറി പരീക്ഷകളുടെ സമയമാറ്റം

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, സംസ്ഥാനത്ത് ഈ വർഷത്തെ ഹയർ സെക്കൻഡറി പരീക്ഷ നടത്തുന്നത് മാർച്ചുമാസം മൂന്നാം തീയതി മുതൽ ഇരുപത്തിയാറാം തീയതി വരെ ഉച്ചയ്ക്കുശേഷമാണ്. ഇത് വേനൽക്കാലമാണ്. കാലാവസ്ഥാ നിരീക്ഷകർ സമീപകാലങ്ങളിൽവച്ച് ഏറ്റവും ചൂടുള്ള വർഷം ഇതായിരിക്കുമെന്ന് പ്രവചിച്ചിട്ടുമുണ്ട്. ഫാൻ പോലുമില്ലാത്ത ക്ലാസ് മുറികൾ ഇപ്പോഴുമുണ്ട്. ഇന്നലെ പട്ടികളെ വന്ധ്യംകരണം ചെയ്യുന്നതിനുള്ള സൗകര്യങ്ങളെക്കുറിച്ച് മന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. അത്രയും സൗകര്യം പോലും നമ്മുടെ കുട്ടികൾക്ക് പഠിക്കാനില്ലെന്നത് ഒരു വസ്തുതയാണ്. പ്രായോഗിക പരീക്ഷയുള്ള വിഷയങ്ങളിൽ രണ്ടുമണിക്കൂറും പ്രായോഗിക പരീക്ഷയില്ലാത്ത വിഷയങ്ങളിൽ രണ്ടര മണിക്കൂറുമാണ് കുട്ടികൾക്ക് ക്ലാസ് മുറിയിൽ ഇരിക്കേണ്ടത്. ഈ കടുത്ത ചൂട് അനുഭവിച്ചുകൊണ്ടാണ് അവർ പരീക്ഷയ്ക്ക് തയ്യാറായി വന്ന് പരീക്ഷ എഴുതേണ്ടത്. ഉപരിപഠനത്തിനും മത്സര പരീക്ഷകൾക്കും ഇന്ന് പരിഗണിക്കുന്നത് ഹയർ സെക്കൻഡറി തലമാണ്. രാജ്യത്ത് അകത്തും പുറത്തുമുള്ള സർവ്വകലാശാലകളിലെയും മത്സര

പരീക്ഷകളിൽ നമ്മുടെ കുട്ടികളുടെ ഒരു മാർക്കുപോലും കുറഞ്ഞുപോയാൽ ആ റാങ്ക് ലിസ്റ്റിൽ എത്രമാത്രം വിദൂരതയിലേയ്ക്കാണ് അവരെ തള്ളിനീക്കപ്പെടുകയെന്ന് നമുക്കെല്ലാം ഉൾക്കൊള്ളാൻ സാധിക്കുന്നതാണ്. ഇങ്ങനെയൊരു സാഹചര്യത്തിൽ നമ്മുടെ കുട്ടികൾ പിന്നോട്ട് തള്ളിപ്പോകുന്നൊരു സാഹചര്യമുണ്ടാകാതിരിക്കാൻ നാം ശ്രദ്ധിക്കേണ്ടത് അനിവാര്യമാണ്. മാത്രമല്ല ഈ വർഷം മാർച്ച് മാസം പരിശുദ്ധ റമദാൻ മാസം കൂടിയാണ്. വെള്ളിയാഴ്ച കൂടിവരുന്നുണ്ട് അത് ക്രമീകരിച്ചതിൽ സന്തോഷമുണ്ട്. അതുകൊണ്ട് കുട്ടികൾക്ക് പരീക്ഷയെഴുതാൻ ഏറ്റവും നല്ല സമയം രാവിലെയാണ്. എസ്.എസ്.എൽ.സി. പരീക്ഷ നടക്കുന്നതിനൊപ്പമാണ് ഹയർ സെക്കൻഡറി പരീക്ഷയും നടത്തിയിരുന്നത്. അതുകൊണ്ട് പ്രഭാതത്തിലെ ഈ നല്ല സമയം കുട്ടികൾക്ക് പരീക്ഷയെഴുതാവുന്ന സാഹചര്യം ഒരുക്കുന്നത് കുട്ടികളുടെ ഭാവിക്ക് നല്ലതായിരിക്കും. അതുകൊണ്ട് ഈ പരീക്ഷാസമയത്തിൽ ഒരു പുന:ക്രമീകരണം നടത്താൻ സർക്കാർ തയ്യാറാകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ ഒരു കാര്യത്തോട് ഒട്ടും യോജിക്കാൻ സാധിക്കില്ല. നായ്ക്കൾക്ക് വന്ധ്യംകരണം ചെയ്യുന്ന റൂമിനുള്ള സൗകര്യം പോലും വിദ്യാഭ്യാസ വകുപ്പിന്റെ സ്ഥാപനങ്ങൾക്കില്ലെന്ന് പറഞ്ഞാൽ അദ്ദേഹം ഈ ലോകത്തായിരിക്കില്ല ജീവിക്കുന്നത്. വിദ്യാഭ്യാസ മേഖലയിൽ അയ്യായിരം കോടിരൂപയുടെ അടിസ്ഥാന സൗകര്യ വികസനം നടന്ന ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്. മാത്രമല്ല, എ.സി ക്ലാസ് മുറികൾ, ലിഫ്റ്റ് എന്നീ സൗകര്യങ്ങളുമുള്ള സ്കൂളുകൾ ഇന്നുണ്ട്. അങ്ങ് വിദ്യാഭ്യാസ വകുപ്പുമന്ത്രി ആയാൽ പോലും ഇക്കാര്യങ്ങൾ ചെയ്യാൻ സാധിക്കില്ല. ഇക്കാര്യങ്ങൾക്കെല്ലാം ഒരു പരിമിതിയുണ്ടാകും. എന്നാലും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ കേരളം ഏറ്റവും മുന്നിലാണെന്ന് മനസ്സിലാക്കണം. ദയവുചെയ്ത് പട്ടികളുടെ ശസ്ത്രക്രിയയെ കുട്ടികളുമായി കൂട്ടിക്കുഴയ്ക്കുന്നത് ഒട്ടും ശരിയല്ലെന്ന കാര്യം കൂടി ഞാൻ പറയുകയാണ്.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഈ വർഷത്തെ പൊതു പരീക്ഷകളിൽ 2025 മാർച്ച് മാസം 3-ാം തീയതി മുതൽ 26-ാം തീയതി വരെ രണ്ടാം വർഷ

ഹയർ സെക്കൻഡറി പരീക്ഷകളും മാർച്ച് 6-ാം തീയതി മുതൽ 29-ാംതീയതി വരെ ഒന്നാം വർഷ ഹയർ സെക്കൻഡറി പരീക്ഷകളും നടത്താൻ പരീക്ഷാ വിജ്ഞാപനവും ടൈംടേബിളും 2024 നവംബർ മാസം 1-ാം തീയതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉച്ചയ്ക്കുശേഷമാണ് ഹയർ സെക്കൻഡറി പരീക്ഷാ സമയം നിശ്ചയിച്ചിട്ടുള്ളത്. എസ്.എസ്.എൽ.സി. പരീക്ഷകളും സ്കൂൾ വാർഷിക പരീക്ഷകളും രാവിലെയുള്ള സമയ ക്രമത്തിലാണ് ക്രമീകരിച്ചിട്ടുള്ളത്. ഈ വർഷം മുതൽ രണ്ടാം വർഷം പഠിക്കുന്ന വിദ്യാർത്ഥികളുടെ ഒന്നാം വർഷത്തെ ഇംപ്രൂവ്മെന്റ് പരീക്ഷകൾ, ഒന്നാം വർഷ ഹയർ സെക്കൻഡറി പരീക്ഷകളോടൊപ്പം നടത്തുന്നതിനാൽ ഹയർ സെക്കൻഡറി പരീക്ഷകൾ നടത്താൻ ആകെ 18 ദിവസം വേണ്ടിവരും. മാർച്ച് മാസത്തെ ചൂട് കാലാവസ്ഥയും റംസാൻ വ്രതവും ഉള്ളതിനാൽ എസ്.എസ്.എൽ.സി. പരീക്ഷകളും സ്കൂൾ വാർഷിക പരീക്ഷകൾ എഴുതുന്ന ഒൻപതാം ക്ലാസ്സ് വരെയുള്ള ചെറിയ കുട്ടികൾക്കും പരീക്ഷകൾ രാവിലെ നടത്തുന്ന സമയക്രമീകരണമാണ് ചെയ്തിട്ടുള്ളത്. ആയതിനാലാണ് ഹയർ സെക്കൻഡറി പരീക്ഷാ സമയം ഉച്ചയ്ക്കുശേഷം നിശ്ചയിച്ചിരിക്കുന്നത്. ഹയർ സെക്കൻഡറി

പരീക്ഷകൾ ഉച്ചയ്ക്ക് 1.30-ന് ആരംഭിച്ച് 4.15-ന് അവസാനിക്കുന്നതാണ്. അങ്ങ് ഇവിടെ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ രണ്ട് വെള്ളിയാഴ്ചകളിലെ ഹയർ സെക്കൻഡറി പരീക്ഷകൾ 2.00 മണിക്ക് ആരംഭിച്ച് 4.45-ന് അവസാനിക്കുന്ന രൂപത്തിലുള്ള ക്രമീകരണം വരുത്താം. പൊതു പരീക്ഷകൾ മാർച്ച് മാസത്തിൽ നടത്തുന്നതിനാൽ പരീക്ഷയുടെ രാവിലെയുള്ള സമയക്രമത്തിൽ മാറ്റം വരുത്തുന്നത് മാർച്ച് മാസത്തിൽ പരീക്ഷ അവസാനിക്കാത്ത സാഹചര്യം സംജാതമാകുകയും ഫലപ്രഖ്യാപനം നീണ്ടുപോകുകയും അത് വിദ്യാർഥികളുടെ ഉപരിപഠനത്തെ ബാധിക്കുകയും ചെയ്യും. ആയതിനാൽ പരീക്ഷകൾ മാറ്റണമെന്ന ആവശ്യം നിലവിൽ പരിഗണിക്കാൻ നിർവ്വാഹമില്ലെന്നുള്ള കാര്യം ഞാൻ അങ്ങയെ അറിയിക്കുകയാണ്. ഹയർ സെക്കൻഡറി പരീക്ഷ നടത്തുന്നത് ഇരുപത്തി ആറായിരത്തോളം അധ്യാപകരെയും നാലരലക്ഷത്തോളം വരുന്ന വിദ്യാർഥികളെയുമാണ് ബാധിക്കുന്നത്. എസ്.എസ്.എൽ.സി. പരീക്ഷ നടത്തുന്നതിന് മുപ്പത്തിയാറ് ലക്ഷത്തോളം വിദ്യാർഥികളെയും ഒന്നര ലക്ഷത്തോളം വരുന്ന അധ്യാപകരെയുമാണ് ബാധിക്കുന്നത്. അതുകൊണ്ട് പരീക്ഷകൾ മാർച്ച് മാസം കഴിഞ്ഞുപോകാൻ

സാധിക്കില്ല. അങ്ങനെയൊരു നിലപാട് സ്വീകരിച്ചാൽ അവധിക്കാലത്ത് പരീക്ഷ നടത്തിയെന്ന അടുത്ത പരാതിയായിരിക്കും വരാൻ പോകുന്നത്. വളരെ ആലോചിച്ചശേഷം മാത്രമാണ് പരീക്ഷാ തീയതി നിശ്ചയിച്ചിട്ടുള്ളത്. ഭാവിയിൽ അങ്ങ് വിദ്യാഭ്യാസ വകുപ്പുമന്ത്രി ആയാലും ഇതിൽക്കൂടുതൽ ഒരുകാര്യവും ചെയ്യാൻ സാധിക്കില്ലെന്നുള്ള കാര്യവും ഞാൻ പറയുകയാണ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, പോയിന്റ് ഓഫ് ഓർഡർ,.......

മി. ഡെപ്യൂട്ടി സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ എന്താണ്?

ശ്രീ. കെ. ബാബു (നെന്മാറ): സർ, നായ്ക്കളുമായി കുട്ടികളെ ഉപമിച്ച ശ്രീ. കുറുക്കോളി മൊയ്തീന്റെ വാചകം സഭാരേഖകളിൽ ഉണ്ടാകാൻ പാടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പരിശോധിക്കാം+.

---

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം. കെ.എൽ.എസ്.1229/2025-ഇ.ബി. തീയതി 12-02-2025) രേഖയിൽ നിലനിർത്തി.